# വയനാട് ജില്ലയിലെ
# പ്രൈമറി വിദ്യാർത്ഥികൾക്കിടയിലെ
# ഭാഷാപരമായ പിന്നാക്കാവസ്ഥയെപ്പറ്റിയുള്ള
# പഠനം


## ഡയറ്റ് വയനാട്

**സുൽത്താൻ ബത്തേരി**



**2008 മാർച്ച്**

## പഠനശില്പശാലയിലൂടെ

| | | |
|---|---|---|
| പ്രസാധനം | : | **ശ്രീ. ജോർജ്ജ് ജോസഫ്**<br>(പ്രിൻസിപ്പാൾ, ഡയറ്റ് വയനാട്) |
| ചുമതല | : | **ഡോ. സുബ്രഹ്മണ്യൻ ടി.**<br>(സീനിയർ ലക്ചറർ, ഡയറ്റ്, വയനാട്) |
| | | **ഡോ. എം. പത്മനാഭൻ**<br>(സീനിയർ ലക്ചറർ, ഡയറ്റ്, വയനാട്) |

**ശില്പശാലയിൽ പങ്കെടുത്തവർ**

| | |
|---|---|
| കെ. ഇന്ദിര | സീനീയർ ലക്ചറർ ഡയറ്റ് വയനാട് |
| ഷാജി വി.എൻ. | സീനിയർ ലക്ചറർ ഡയറ്റ് വയനാട് |
| ഡോ. ബാലൻ | ലക്ചറർ ഡയറ്റ് കണ്ണൂർ |
| പി.കെ. കരീം | ട്രെയിനർ, ബി.ആർ.സി മാനന്തവാടി |
| കെ.എൻ. ബിനോയ്കുമാർ | ട്രെയിനർ ബി.ആർ.സി മാനന്തവാടി |
| സുനിൽ അലക്സ് | ട്രെയിനർ ബി.ആർ.സി വൈത്തിരി |
| ജോസ് എം. കുര്യൻ | ജി.എച്ച്.എസ്., ഇരുളത്ത് |
| അനിൽ കുമാർ കെ. | ജി.യു.പി.എസ്. കൊളഗപ്പാറ |
| അബ്ദുള്ള കെ. | ട്രെയ്നർ, ബി.ആർ.സി., വൈത്തിരി |
| അനു ജെയിംസ് | സി.എം.എസ്.എച്ച്.എസ്., അരപ്പെറ്റ |
| ജയലത കെ.കെ. | ജി.എച്ച്.എസ്. ഇരുളത്ത് |
| പി.എസ്. സുകുമാരി | ജി.എച്ച്.എസ്. ഇരുളത്ത് |
| വി. ദിനേഷ് കുമാർ | എ.എസ്.വി.പി.എസ്. തെക്കുംതറ |
| ദിവ്യ അഗസ്റ്റിൻ | എസ്.എ.എൽ.പി.എസ്., തരിയോട് |
| മഞ്ജുഷ തോമസ് | എസ്.എ.എൽ.പി.എസ്., കുപ്പാടിത്തറ |
| സുധീഷ് കുമാർ | ജി.യു.പി.എസ്., പേര്യ |
| ബിജോ പോൾ കെ. | ജി.യു.പി.എസ്. മാനന്തവാടി |
| എ. ശിവദാസൻ | ജി.യു.പി.എസ്., കാപ്പിസെറ്റ് |
| ബി. അജി കുമാർ | ട്രെയ്നർ, ബി.ആർ.സി. വൈത്തിരി |
| സുധീർ ലാൽ എം.കെ. | ട്രെയ്നർ, ബി.ആർ.സി. വൈത്തിരി |
| ബിന്ദു തോമസ് | ജി.എൽ.പി.എസ്., കാപ്പിസെറ്റ് |

സാംസ്കാരിക വിനിമയത്തിനുള്ള ശക്തമായ ഉപാധിയാണ് ഭാഷ. കഴിഞ്ഞ കുറെ വർഷങ്ങളായി താത്വികവും മന:ശാസ്ത്രപരവും സാമൂഹ്യവുമായ കാഴ്ചപ്പാടോടുകൂടി ഭാഷാപഠനത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി.

പഠനസമീപനങ്ങളിൽ, തന്ത്രങ്ങളിൽ, ക്ലാസ് റൂം സജ്ജീകരണങ്ങളിൽ, ലൈബ്രറി ഉപയോഗപ്പെടുത്തുന്നതിൽ എല്ലാം ഈ പരിഷ്കാരങ്ങളിൽ വരുത്തിയിട്ടുണ്ടെങ്കിലും കുട്ടികളുടെ വായനയിലും എഴുത്തിലും പുരോഗതി ഉണ്ടായിട്ടില്ലെന്ന് ചില ആക്ഷേപങ്ങൾ വയനാട് ജില്ലയിലെ വിവിധ തലങ്ങളിൽ നിന്ന് ഉയർന്ന് വരുന്നുണ്ട്. ഈ ആക്ഷേപങ്ങളുടെ നിജസ്ഥിതി കണ്ടെത്തുകയും പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിന് വയനാട് ഡയറ്റ് ഒരു പഠനം നടത്തുകയുണ്ടായി. അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ തുടങ്ങിയവരെ പഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. അധ്യാപകരുടെയും, ബി.ആർ.സി ട്രെയിനർമാരുടെയും ഡയറ്റ് ഫാക്കൽറ്റി അംഗങ്ങളുടെയും കൂട്ടായ്മയോടെയാണ് ഈ പഠനം നടത്തിയത്. പഠനറിപ്പോർട്ട് പരിഗണനക്കായി സമർപ്പിക്കുന്നു.

ജോർജ് ജോസഫ്
പ്രിൻസിപ്പാൾ
ഡയറ്റ്, വയനാട്.

സുൽത്താൻ ബത്തേരി

31-03-2008

## ഉള്ളടക്കം

1. ആമുഖം

2. ഉദ്ദേശ്യങ്ങൾ

3. പഠനരീതി

4. ദത്തങ്ങളുടെ അപഗ്രഥനം

5. കണ്ടെത്തലുകൾ

6. നിർദ്ദേശങ്ങൾ

7. അനുബന്ധം

# ആമുഖം

പ്രത്യക്ഷവും പരോക്ഷവുമായ ആശയവിനിമയത്തിന്റെ അടിസ്ഥാന ഉപാധിയാണ് ഭാഷ. ആധുനിക മനഃശാസ്ത്ര ചിന്താധാരകളെയും സാമൂഹ്യകാഴ്ചപ്പാടുകളെയും ഗൗരവപൂർവ്വം പരിഗണിച്ചുകൊണ്ട് രൂപകൽപ്പന ചെയ്തിട്ടുള്ള വിദ്യാഭ്യാസനയങ്ങളുടെ അടിസ്ഥാനത്തിൽ ഭാഷാപഠനരീതിയിൽ കാതലായ മാറ്റങ്ങൾ വന്നുചേർന്നിട്ടുണ്ട്. കേവലം എഴുത്തും വായനയും എന്നതിനേക്കാൾ സർഗ്ഗാത്മകശേഷിവികസനം അടിസ്ഥാനപ്പെടുത്തിയുള്ള വൈയക്തിക, ബൗദ്ധികശാക്തീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ധാരാളം പഠനപ്രവർത്തനങ്ങൾ ക്ലാസ്സ് മുറികളിൽ സജ്ജീകരിച്ചാണ് പാഠ്യപദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. എന്നാൽ ഏതൊക്കെയോ തലങ്ങളിൽ സംഭവിക്കുന്ന ചോർച്ച മൂലം പ്രഖ്യാപിതലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നതായി ചില ആക്ഷേപങ്ങൾ ഉയർന്നുവരുന്നുമുണ്ട്. ഇത് കണ്ടെത്തുകയും ഫലപ്രദമായ ഇടപെടലുകളിലൂടെ ലക്ഷ്യപ്രാപ്തിയിലെത്തുകയും ചെയ്യുക എന്നതാണ് ഈ പഠനം കൊണ്ടുദ്ദേശിക്കുന്നത്.

ആദിവാസിജനസമൂഹത്തിന്റെ സാന്നിദ്ധ്യവും ഭാഷാഭേദങ്ങളുടെയും മിശ്രഭാഷയുടെയും ഈറ്റില്ലവുമായ വയനാട് ജില്ലയിലെ ഭാഷാപ്രതിസന്ധി മറ്റു ജില്ലകളിലേക്കാൾ രൂക്ഷമാണ്. അതുകൊണ്ടുതന്നെ ഈ ജില്ലയിലെ പ്രൈമറി ക്ലാസ്സുകളിലെ ഭാഷാപഠനപ്രശ്നങ്ങൾ കേന്ദ്രമാക്കിക്കൊണ്ട്, വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയുള്ള സമഗ്രമായ പഠനം നടത്തുകയാണ് ഇവിടെ. ഈ പഠനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ജില്ലയിലും കേരളത്തിലെമ്പാടുമുള്ള ഭാഷാപഠനബോധനതന്ത്രങ്ങളുടെ ആന്തരികഔന്നത്യം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

## ഉദ്ദേശ്യങ്ങൾ

- ☞ ഭാഷാപരമായ പിന്നാക്കാവസ്ഥ നിലവിലുണ്ടോ എന്ന് തിരിച്ചറിയുന്നതിന്
- ☞ ഭാഷപരമായ പിന്നാക്കവസ്ഥ എന്തുകൊണ്ട് സംഭവിക്കുന്നു എന്ന് കണ്ടെത്തുന്നതിന്
- ☞ പരിഹാരനിർദ്ദേശങ്ങൾ, തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്.

# പഠനരീതി

വയനാട് ജില്ലയിലെ പ്രൈമറി വിദ്യാർത്ഥികൾക്കിടയിലെ ഭാഷാപരമായ പിന്നാക്കാവസ്ഥയെപ്പറ്റിയുള്ള പഠനത്തിന്റെ ഭാഗമായി പഠനരീതികളെ താഴെപ്പറയുന്ന മേഖലയാക്കി തിരിച്ചു.

**1. സാമ്പിൾ**

**2. പ്രവർത്തനക്രമം**

**3. മൂല്യനിർണ്ണയോപാധികൾ**

ഓരോന്നും വിശദീകരിക്കുന്നു.

**I. സാമ്പിൾ (സ്ലാറ്റിഫൈഡ് സാമ്പ്ളിംഗ് രീതി)**

എ. സ്കൂളുകളെ പഠനത്തിനായി തെരഞ്ഞെടുത്തു.അക്കാദമികനിലവാര മനുസരിച്ച് എ.ബി.സി എന്നീ ഗ്രേഡുകൾ നൽകി വിവിധ ഗ്രേഡിലുള്ള വിദ്യാലയങ്ങളെയാണ് തെരഞ്ഞെടുത്തത്.

ബി. വിദ്യാലയങ്ങൾ സ്ഥിതിചെയ്യുന്നസ്ഥലം, (നഗരം, ഗ്രാമം), മാനേജ്മെന്റിന്റെ സ്വഭാവം (ഗവൺമെന്റ് എയിഡഡ്) എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചു.

**പട്ടിക (1)**

**പഠനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ്**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ഉപജില്ല | ഗവൺമെന്റ് / എയിഡഡ് |
|---|---|---|---|
| 1. | ഗവ.എൽ.പി.സ്കൂൾ കരിങ്ങാരി | മാനന്തവാടി | ഗവൺമെന്റ് |
| 2. | ഗവ.യു.പി.സ്കൂൾ പേരിയ | മാനന്തവാടി | ഗവൺമെന്റ് |
| 3. | എ.യു.പി.എസ് വാഴത്തോട് | മാനന്തവാടി | എയിഡഡ് |
| 4. | ഗവ.യു.പി.സ്കൂൾ കാപ്പിസെറ്റ് | സു.ബത്തേരി | ഗവൺമെന്റ് |
| 5. | ഗവ.യു.പി.സ്കൂൾ പൂതാടി | സു.ബത്തേരി | ഗവൺമെന്റ് |
| 6. | എ.യു.പി.എസ് ചീരാൽ | സു.ബത്തേരി | എയിഡഡ് |
| 7. | ഗവ.യു.പി.എസ് കോട്ടനാട് | വൈത്തിരി | ഗവൺമെന്റ് |
| 8. | എ.യു.പി.എസ് കോട്ടത്തറ | വൈത്തിരി | എയിഡഡ് |
| 9. | എച്ച്.ജെ.എം.യു.പി.എസ് കൽപറ്റ | വൈത്തിരി | എയിഡഡ് |

1. **വിദ്യാർത്ഥികൾ**

തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ നാല്, ആറ് ക്ലാസ്സുകളിലെ ഓരോ ഡിവിഷനുകളിലെ മുഴുവൻ വിദ്യാർത്ഥികളും

**പട്ടിക 2**

| Sl.No. | Name of the School | Sub District | Govt./ Aided | No. of Students | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | STD IV | | | STD VI | | |
| | | | | B | G | T | B | G | T |
| 1 | Govt. A.U.P School Poothadi | Bathery | Govt. | 14 | 26 | 40 | 15 | 25 | 40 |
| 2. | St.Antonies U.P.School,Kothagiri | Vythiri | Aided | 10 | 16 | 26 | 23 | 18 | 41 |
| 3. | Govt. U.P.School Karingari | Mananthavady | Govt. | 8 | 18 | 26 | 20 | 20 | 40 |
| 4. | A.U.P.School Cheeral | Bathery | Aided | 12 | 28 | 40 | 18 | 22 | 40 |
| 5. | Govt. A.U.P.School Kottanad | Vythiri | Govt. | 24 | 14 | 38 | 19 | 24 | 43 |
| 6. | Govt. School Peria | Mananthavady | Govt. | 24 | 17 | 41 | 18 | 19 | 37 |
| 7. | HIMUP School Kalpetta | Vythiri | Aided | 13 | 14 | 27 | 12 | 13 | 25 |
| 8. | Govt. U.P.School Kappiset | Bathery | Govt. | 20 | 18 | 38 | 24 | 16 | 40 |
| 9. | A.U.P.School Vanchod | Mananthavady | Aided | 17 | 23 | 40 | 30 | 10 | 40 |
| | | | | 142 | 174 | 316 | 179 | 167 | 346 |

3. **അധ്യാപകർ**

തെരഞ്ഞെടുത്ത ക്ലാസ്സിലെ ഭാഷാധ്യാപകർ

4. **രക്ഷിതാക്കൾ**

തെരഞ്ഞെടുത്ത വിദ്യാലയങ്ങളിലെ പത്ത് രക്ഷിതാക്കൾ വീതം

## II. പഠനപ്രവർത്തനങ്ങൾ

1. മൂല്യനിർണ്ണയ ഉപാധികൾ തയ്യാറാക്കുന്നതിനുള്ള ശിൽപ്പശാല അധ്യാപകർ, ബി.ആർ.സി ട്രെയിനർമാർ, ഡയറ്റ് ഫാക്കൽട്ടി അംഗങ്ങൾ ഉൾപ്പെടുന്ന ശിൽപ്പശാലയിൽ താഴെപ്പറയുന്ന മൂല്യനിർണ്ണയ ഉപാധികൾ തയ്യാറാക്കി.

   കുട്ടികൾക്ക് നൽകാനുള്ള വായന/ലേഖനപ്രവർത്തനങ്ങൾ അടങ്ങിയ മൂല്യനിർണ്ണയ ഉപാധികൾ (ക്ലാസ്സ് IV, VI)

   ചോദ്യാവലി-അധ്യാപകർക്ക്, പ്രധാന അദ്ധ്യാപകർക്ക്, രക്ഷിതാക്കൾക്ക്, കുട്ടികൾക്ക്

   ക്ലാസ്സ് നിരീക്ഷണത്തിനുള്ള ഷെഡ്യൂൾ

   സാമൂഹ്യസാമ്പത്തിക സർവ്വേ ഫോറം

   ഫോക്കസ് ഗ്രൂപ്പ് ചർച്ചയ്ക്കുള്ള സൂചകങ്ങൾ

   ഡോക്യുമെന്റ് അനാലിസിസിനുള്ള ഫോർമാറ്റ്

2. മൂല്യനിർണ്ണയ ഉപാധികളുടെ നിർവ്വഹണത്തിനായി സ്കൂൾ സന്ദർശനം രണ്ട് പേർ വീതമുള്ള 9 ടീമുകൾ രണ്ട് ദിവസങ്ങളിലായി സ്കൂളിലെത്തി. മൂല്യനിർണ്ണയോപാധികൾ വച്ച് ദത്തങ്ങൾ ശേഖരിച്ചു. രണ്ടാം ടേം മൂല്യനീർണ്ണയത്തിന്റെ ഉത്തരക്കടലാസുകൾ ശേഖരിച്ചു.

3. മൂല്യനിർണ്ണയോപാധികളുടെ വിശകലനശിൽപ്പശാലയിൽ 46 പേർ പങ്കെടുത്തു. തയ്യാറാക്കിയ മൂല്യനിർണ്ണയ ഉപാധികൾ ഉപയോഗിച്ച് ശേഖരിച്ച ദത്തങ്ങളും രണ്ടാം ടേം മൂല്യനിർണ്ണയത്തിന്റെ ഉത്തരക്കടലാസുകൾ പരിശോധിച്ചതിൽ നിന്നും എത്തിച്ചേർന്ന വിവരങ്ങളും ക്രോഡീകരിച്ചു.

4. വിവരങ്ങൾ അപഗ്രഥിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഉള്ള ശിൽപ്പശാല.

   നിലവിലുള്ള പ്രശ്നങ്ങൾ, കണ്ടെത്തലുകൾ, കാരണങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് തയ്യാറാക്കി.

# മൂല്യനിർണ്ണയോപാധികളെക്കുറിച്ചുള്ള വിശദീകരണം

**T1- ക്ലാസ്സ് IV വായന/ ലേഖനം**

ഇതിൽ വായനയ്ക്ക് മൂന്നും ലേഖനത്തിന് ഒന്നും പ്രവർത്തനങ്ങളാണുള്ളത്. രണ്ടുമണിക്കൂർ സമയമാണുള്ളത്. ഓരോ പ്രവർത്തനവും ഗ്രേഡിംഗ് സൂചനകൾക്കനുസരിച്ചാണ് വിലയിരുത്തുന്നത്. *(അനുബന്ധം 1)*

**T2-ക്ലാസ്സ് VI വായന/ ലേഖനം**

ഇതിൽ വായനയ്ക്കും ലേഖനത്തിനും ഓരോ പ്രവർത്തനങ്ങളാണുള്ളത്. ഒരു മണിക്കൂർ സമയമാണുള്ളത്. ഓരോ പ്രവർത്തനവും ഗ്രേഡിംഗ് സൂചകങ്ങൾക്കനുസരിച്ചാണ് വിലയിരുത്തുന്നത്.

അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ ഈ മൂല്യനിർണ്ണയോപാധികൾക്കൊപ്പം കൊടുത്തിട്ടുണ്ട്. *(അനുബന്ധം 2)*

**T3-ഫോക്കസ് ഗ്രൂപ്പ് ചർച്ച**

ഭാഷാപരമായ പിന്നാക്കാവസ്ഥയെപ്പറ്റിയുള്ള പഠനത്തിന്റെ ഭാഗമായി അധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ എന്നിങ്ങനെ 3 ഫോക്കസ് ഗ്രൂപ്പുകൾ തയ്യാറാക്കി. ഓരോ ഫോക്കസ് ഗ്രൂപ്പിനോടും വായന, ലേഖനം എന്നീ മേഖലകളെ അടിസ്ഥാനമാക്കി സൂചകവും ഉപസൂചകങ്ങളും തയ്യാറാക്കി. ചർച്ചാസൂചകങ്ങൾക്കനുസരിച്ച് വസ്തുനിഷ്ഠമായി രേഖപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങൾ വേർതിരിച്ചെടുത്ത് റിപ്പോർട്ട് തയ്യാറാക്കുന്നു. *(അനുബന്ധം 3)*

**T4- ചോദ്യാവലി-പ്രധാന അധ്യാപകനോട്**

ഇതിൽ 12 ചോദ്യ പ്രസ്താവനകളാണുള്ളത്. ഉണ്ട് / ഇല്ല എന്നിങ്ങനെ രണ്ട് പോയന്റ് സ്കേയിലിലാണ് പ്രസ്താവനകൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ പ്രസ്താവനയ്ക്ക് വിശദീകരണം രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും കൊടുത്തിട്ടുണ്ട്. *(അനുബന്ധം 4)*

**T5-ചോദ്യാവലി-അധ്യാപകനോട്**

ഇതിൽ 18 ചോദ്യപ്രസ്താവനകളാണുള്ളത്. ഉണ്ട് / ഇല്ല എന്നിങ്ങനെ 2 പോയന്റ് സെകെയിലിലാണ് പ്രസ്താവനകൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ പ്രസ്താവനയ്ക്കും വിശദീകരണം രേഖപ്പെടുത്താനുള്ള സ്ഥലവും അനുവദിച്ചിട്ടുണ്ട്. *(അനുബന്ധം 5)*

**T6-ചോദ്യാവലി രക്ഷിതാക്കളോട്**

ഇതിൽ 16 പ്രസ്താവനകളാണുള്ളത്. 3, 4, 14, 15, 16 ഒഴികെയുള്ള പ്രസ്താവനകൾ ഉണ്ട് / ഇല്ല എന്നിങ്ങനെ 2 പോയന്റ് സ്കെയിലിലാണ് തയ്യാറാക്കിയിട്ടുള്ളത്. മൂന്നാം ഇനം സാധിക്കുന്നു/ വല്ലപ്പോഴും /ഇല്ല എന്നിങ്ങനെയും നാലാം ഇനം ഉണ്ട്/ ഇല്ല, സമയകൃത്യങ്ങളല്ല എന്നിങ്ങനെയും പതിനഞ്ചാം ഇനം നടന്ന്/പ്രത്യേകവാഹനം / ബസ് എന്നിങ്ങനെയും. പതിനാറാം ഇനം വിശദീകരണരൂപത്തിലുമാണ് തയ്യാറാക്കിയിട്ടുള്ളത്.

*(അനുബന്ധം 6)*

**T7 ചോദ്യാവലി-കുട്ടികളോട്**

ഇതിൽ 15 ചോദ്യപ്രസ്താവനകളാണുള്ളത്. ഉണ്ട്/ ഇല്ല എന്നിങ്ങനെ 2 പോയന്റ് സ്കെയിലിലാണ് പ്രസ്താവനകൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ പ്രസ്താവനയോടൊപ്പം വിശദീകരണം രേഖപ്പെടുത്താൻ സ്ഥലം കൊടുത്തിട്ടുണ്ട്. *(അനുബന്ധം 7)*

**T8- സാമൂഹിക-സാമ്പത്തിക സർവ്വേ**

പഠനത്തിനു വിധേയമായ കുട്ടികളുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം അറിയുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണിത്. കുട്ടിയുടെ വീട്ടിലെ കുടുംബാംഗങ്ങൾ, ഓരോരുത്തരുടെയും വിദ്യാഭ്യാസ യോഗ്യത, തൊഴിൽ, വാർഷികവരുമാനം എന്നിവയാണ് ഇതിൽ തയ്യാറാക്കിയിട്ടുള്ളത്. ഓരോ മേഖലയും താഴെപ്പറയുന്ന രീതിയിലാണ് വർഗ്ഗീകരിച്ചിട്ടുള്ളത്. *(അനുബന്ധം 8)*

a. **വിദ്യാഭ്യാസനിലവാരം**

1. നിരക്ഷരർ, 2. സാക്ഷരർ

b. **തൊഴിൽ**

1. കൂലി 2. കൃഷി
3. സർക്കാർ, 4. മറ്റുതൊഴിൽ

c. **വാർഷികവരുമാനം**

1. 4000 നു താഴെ, 2. 4000-6000
3. 600-12000 4. 12000-മുകളിൽ

**T9-ഡോക്യമെന്റ് അനാലിസിസ്**

പഠനത്തിന്റെ ഭാഗമായി കുട്ടി, അധ്യാപിക,ഹെഡ്മാസ്റ്റർ എന്നിവരുടെ റിക്കാർഡുകളും ലേഖനസാമഗ്രികളും എന്തൊക്കെയാണെന്നുള്ളതാണ് ഡോക്യുമെന്റ് അനാലിസിസ് എങ്ങനെ വിലയിരുത്തണമെന്നും ഗ്രേഡിംഗ് സൂചകങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ വിശദീകരിച്ചിട്ടുണ്ട്. *(അനുബന്ധം 9)*

**T10-ക്ലാസ്സ് നിരീക്ഷണഷെഡ്യൂൾ**

ഇതിൽ പഠനാന്തരീക്ഷം, ആസൂത്രണം, നിർവ്വഹണം മെറ്റീരിയൽ എന്നീ 4 മേഖലകളിലായി നിരീക്ഷണ പ്രസ്താവനകൾ തയ്യാറാക്കിയിട്ടുള്ളത്. ഉണ്ട് / ഇല്ല 2 പോയന്റ് സ്കെയിൽ രൂപത്തിലാണ് തയ്യാറാക്കിയിട്ടുണ്ട്. ഓരോന്നിനും വിശദീകരണത്തിനുള്ള സ്ഥലവും നൽകിയിട്ടുണ്ട്. *(അനുബന്ധം 10)*

## ദത്തങ്ങളുടെ അപഗ്രഥനം

**പട്ടിക 3:**

**ഓവർ ഓൾ ഗ്രേഡ് STD IV**

| Sl.No | School | Govt. Aided | Total No. | വായന | | | ലേഖനം | | |
|---|---|---|---|---|---|---|---|---|---|
| | | | | A | B | C | A | B | C |
| 1 | G.U.P.S. Poothadi | Govt. | 40 | 14 | 14 | 12 | 10 | 19 | 11 |
| 2. | St.Antony's Kotathara | Aided | 26 | 7 | 11 | 8 | 5 | 11 | 10 |
| 3. | GUPS Karingari | Govt. | 26 | 5 | 12 | 9 | 5 | 11 | 10 |
| 4. | AUPS Cheeral | Aided | 40 | 10 | 25 | 5 | 8 | 28 | 4 |
| 5. | GUPS Koottanad | Govt. | 38 | 7 | 28 | 23 | 0 | 19 | 19 |
| 6. | GUPS Peria | Govt. | 41 | 14 | 25 | 2 | 14 | 24 | 3 |
| 7. | HIMUPS Kalpetta | Aided | 27 | 2 | 14 | 11 | 1 | 14 | 12 |
| 8. | GUPS Kappiset | Govt. | 38 | 4 | 19 | 15 | 4 | 19 | 15 |
| 9. | AUPS Vanhod | Aided | 40 | 11 | 26 | 3 | 20 | 18 | 2 |
| | | | 316 | 74 | 154 | 88 | 67 | 168 | 81 |
| | | | | 23.4 | 48.7 | 27.8 | 21.2 | 53.1 | 25.6 |

**പട്ടിക 4**

**ഓവർ ഓൾ ഗ്രേഡ് STD VI**

| Sl.No | School | Govt. Aided | Total No. | വായന | | | ലേഖനം | | |
|---|---|---|---|---|---|---|---|---|---|
| | | | | A | B | C | A | B | C |
| 1 | G.U.P.S Poothadi | Govt. | 40 | 6 | 23 | 11 | 5 | 23 | 12 |
| 2. | St.Antony's Kotathara | Aided | 41 | 8 | 16 | 17 | 21 | 16 | 4 |
| 3. | GUPS Karingari | Govt. | 40 | 8 | 14 | 18 | 5 | 17 | 18 |
| 4. | AUPS Cheeral | Aided | 40 | 3 | 24 | 13 | 1 | 14 | 25 |
| 5. | GUPS Koottanad | Govt. | 43 | 0 | 33 | 10 | 1 | 19 | 23 |
| 6. | GUPS Peria | Govt. | 37 | 6 | 19 | 12 | 6 | 20 | 11 |
| 7. | HIMUPS Kalpetta | Aided | 25 | 6 | 11 | 8 | 4 | 16 | 5 |
| 8. | GUPS Kappiset | Govt. | 40 | 1 | 21 | 18 | 1 | 20 | 19 |
| 9. | AUPS Vanhod | Aided | 40 | 0 | 21 | 19 | 0 | 17 | 23 |
| | | | 346 | 38 | 182 | 126 | 47 | 162 | 140 |
| | | | | 10.9. | 52.6 | 36.4 | 13.5 | 46.8 | 40.4 |

# പട്ടിക 5

## കുട്ടികളുടെ അക്കാദമിക നിലവാരം : സൂചകങ്ങളുടെ അടിസ്ഥാനത്തിൽ

| SL. No. | Name of School | വായന | | | | | | | | | വായന | | | | | | | | | ലേഖനം | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | STD IV | | | | | | | | | STD VI | | | | | | | | | STD IV | | | | | | | | | STD VI | | | | | | | | |
| | | സൂചകം 1 | | | സൂചകം 2 | | | സൂചകം 3 | | | സൂചകം 1 | | | സൂചകം 2 | | | സൂചകം 3 | | | സൂചകം 1 | | | സൂചകം 2 | | | സൂചകം 3 | | | സൂചകം 1 | | | സൂചകം 2 | | | സൂചകം 3 | | |
| | | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 | 3 | 2 | 1 |
| 1 | GUP School Poothadi | 12 | 12 | 16 | 10 | 12 | 18 | 8 | 10 | 22 | 1 | 25 | 14 | 1 | 11 | 28 | 5 | 15 | 20 | 7 | 17 | 16 | 8 | 18 | 14 | 1 | 21 | 18 | 0 | 25 | 15 | 0 | 15 | 25 | 5 | 10 | 25 |
| 2 | St. Antony s Kottathara UPS | 7 | 9 | 10 | 6 | 7 | 13 | 5 | 3 | 18 | 13 | 23 | 5 | 9 | 19 | 13 | 10 | 17 | 14 | 6 | 9 | 11 | 4 | 9 | 13 | 4 | 6 | 16 | 20 | 15 | 6 | 13 | 21 | 7 | 14 | 11 | 16 |
| 3 | GUP Karingeri | 5 | 9 | 12 | 1 | 8 | 17 | 2 | 6 | 18 | 2 | 17 | 21 | 4 | 9 | 27 | 3 | 13 | 24 | 4 | 14 | 8 | 1 | 14 | 11 | 3 | 7 | 16 | 3 | 15 | 22 | 3 | 10 | 27 | 3 | 14 | 23 |
| 4 | AUP Cheeral | 10 | 25 | 5 | 4 | 14 | 22 | 11 | 7 | 22 | 4 | 24 | 12 | 3 | 9 | 28 | 1 | 6 | 33 | 10 | 26 | 4 | 10 | 26 | 4 | 5 | 20 | 15 | 0 | 14 | 26 | 0 | 5 | 35 | 1 | 2 | 37 |
| 5 | GUPS, Kottanad | 2 | 11 | 25 | 4 | 8 | 26 | 5 | 4 | 29 | 0 | 12 | 31 | 0 | 30 | 13 | 0 | 14 | 29 | 0 | 19 | 19 | 0 | 8 | 30 | 0 | 2 | 36 | 1 | 4 | 38 | 0 | 17 | 26 | 1 | 5 | 37 |
| 6 | GUPS, Peria | 11 | 19 | 11 | 10 | 15 | 16 | 8 | 13 | 20 | 5 | 10 | 22 | 4 | 8 | 25 | 5 | 9 | 23 | 13 | 19 | 9 | 12 | 18 | 11 | 6 | 16 | 19 | 9 | 14 | 15 | 5 | 16 | 16 | 5 | 17 | 15 |
| 7 | HIM, Kalpetta | 1 | 15 | 11 | 1 | 7 | 19 | 2 | 4 | 21 | 7 | 10 | 8 | 4 | 8 | 13 | 3 | 8 | 14 | 0 | 15 | 12 | 0 | 6 | 21 | 0 | 2 | 25 | 4 | 14 | 7 | 2 | 14 | 9 | 1 | 10 | 14 |
| 8 | GUPS, Kappiset | 6 | 17 | 15 | 1 | 17 | 20 | 1 | 8 | 29 | 0 | 21 | 19 | 0 | 7 | 33 | 0 | 5 | 35 | 4 | 19 | 15 | 1 | 19 | 18 | 0 | 13 | 25 | 1 | 18 | 21 | 0 | 8 | 32 | 1 | 7 | 32 |
| 9 | AUPS, Venjod | 15 | 21 | 4 | 8 | 15 | 17 | 10 | 11 | 19 | 0 | 11 | 29 | 0 | 28 | 12 | 0 | 5 | 35 | 19 | 19 | 2 | 13 | 21 | 6 | 8 | 21 | 11 | 0 | 12 | 28 | 0 | 6 | 34 | 0 | 2 | 38 |
| | Total | 69 | 138 | 109 | 45 | 103 | 168 | 52 | 66 | 198 | 32 | 153 | 161 | 25 | 129 | 192 | 27 | 92 | 227 | 63 | 157 | 96 | 49 | 139 | 128 | 27 | 108 | 181 | 38 | 131 | 178 | 23 | 112 | 211 | 31 | 78 | 237 |
| | % | 21.8 | 43.6 | 34.5 | 14.2 | 32.6 | 53.1 | 16.4 | 20.9 | 62.6 | 9.2 | 44.2 | 46.4 | 7.2 | 37.3 | 55.5 | 7.8 | 26.6 | 65.6 | 19.9 | 49.6 | 30.3 | 15.5 | 43.9 | 40.6 | 8.5 | 34.2 | 57.2 | 11 | 37.8 | 51.4 | 6.6 | 32.3 | 60.6 | 8.9 | 22.5 | 68.5 |

## STD IV : വായന

ആകെ 100 പോയിന്റ് അടിസ്ഥാനമാക്കി 70നും 100നും ഇടയിൽ പോയിന്റെ ലഭിച്ചവർക്ക് A ഗ്രേഡ്, 40–70 ഇടയിൽ B ഗ്രേഡ്, 40 നു താഴെ C ഗ്രേഡ് എന്നു കണക്കാക്കിയാണ് കുട്ടികളുടെ നിലവാരം പരിശോധിച്ചിട്ടുള്ളത്.

**പട്ടിക 6**

| പോയന്റ് | ഗ്രേഡ് |
|---|---|
| 70-100 | A ( 3 score) |
| 40-70 | B ( 2 score) |
| Below 40 | C ( 1 score) |

- ❖ വായന എന്ന മേഖലയിലെ പ്രധാനാശയം കണ്ടെത്തുന്നു എന്ന സൂചകത്തിന്റെ 21.8% എ ഗ്രേഡും 43.6% ബി ഗ്രേഡും നേടിയിട്ടുണ്ട്. അതായത് 64.4% കുട്ടികളുടെ മിനിമം യോഗ്യതയ്ക്കു മുകളിലാണ്. 34.6% C ഗ്രേഡ് നേടിയിരിക്കുന്നു.
- ❖ പരസ്പരബന്ധം കണ്ടെത്തുന്നു എന്ന രണ്ടാം സൂചകത്തിൽ A ഗ്രേഡ് 14.2% ബി ഗ്രേഡ് 32.6% കുട്ടികൾക്കും ലഭിച്ചിട്ടുണ്ട്. ആകെ 46.8% മിനിമം യോഗ്യതയ്ക്കു മുകളിലും 53.2% മിനിമം യോഗ്യതയില്ലാത്ത സി ഗ്രേഡ് നേടിയവരുടെ കൂട്ടത്തിലുമാണ്.
- ❖ വായിച്ച് ഗ്രഹിച്ച് ആശയത്തെ വ്യത്യസ്തരീതിയിൽ പ്രകടിപ്പിക്കുന്നു എന്ന മൂന്നാം സൂചകത്തിൽ 16.4% എ ഗ്രേഡും 20.9% ബി ഗ്രേഡും ലഭിച്ചിരിക്കുന്നു. ആകെ 37.3% മിനിമം യോഗ്യതയ്ക്കു മുകളിലും 62.7% സി ഗ്രേഡ് നേടിയവരുമാണ്.

**വായന എന്ന മേഖലയിലെ മൂന്ന് സൂചകങ്ങളെ പഠനവിധേയമാക്കിയതിന്റെ വിവരങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇവയുടെ ആവറേജ് താഴെക്കൊടുക്കുന്നത്**

**പട്ടിക 7**

**വായന– പഠനവിധേയമാക്കിയ 3 സൂചകങ്ങളുടെ വിവരം**

| സൂചകം | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| 1 | 64.4 | 34.6 | 100 |
| 2 | 46.8 | 53.2 | 100 |
| 3 | 37.3 | 62.6 | 100 |
| ആകെ | 148.5/ 3 | 150.5/ 3 | 300 |
| ശതമാനം | 49.5 | 50.5 | 100 |

## വായന 4




## വായന 6



**എന്നാൽ വായന എന്ന മേഖലയിലെ പ്രസക്തമായ**
**മൊത്തം സൂചകങ്ങളുടെയും ആധാരമാക്കിയ ദത്തങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.**

എ ഗ്രേഡ് : 23.4% കുട്ടികൾ

ബി ഗ്രേഡ് : 48.7% കുട്ടികൾ

സി ഗ്രേഡ : 27.8% കുട്ടികൾ

എ + ബി ഗ്രേഡുകൾ : 72.2% ആണ്.

*മിനിമം യോഗ്യതയ്ക്കു മുകളിൽ 72.2% കുട്ടികളും മിനിമം യോഗ്യതയ്ക്കു താഴെ 27.8% കുട്ടികളുമാണ്.*

**ലേഖനം**

ലേഖനം എന്ന മേഖലയിൽ മൂന്ന് സൂചകങ്ങൾ പഠനവിധേയമാക്കി ആശയപൂർണതയോടെ രചന നിർവ്വഹിക്കുന്നു. എന്ന സൂചകത്തിൽ 19.9% കുട്ടികൾക്ക് എ ഗ്രേഡും 49.6% കുട്ടികൾക്ക് ബി ഗ്രേഡും ലഭിച്ചു. ആകെ 69.5% പേരാണ് മിനിമം യോഗ്യതയുള്ളവർ. ബാക്കിയുള്ള 30.5% പേർ മിനിമം യോഗ്യതയില്ലാത്ത സി ഗ്രേഡ് വിഭാഗത്തിൽപ്പെടുന്നു.

- രണ്ടാമത്ത സൂചകം, വാക്യഘടനാക്രമം പാലിച്ചുകൊണ്ട് രചന നിർവ്വഹിക്കുന്നു എന്ന ശേഷിയിൽ 15.5% കുട്ടികൾക്ക് എ ഗ്രേഡും 43.9% കുട്ടികൾക്ക് ബി ഗ്രേഡും കൂടി ആകെ 59.4% കുട്ടികൾ മിനിമം യോഗ്യതയ്ക്കു മുകളിലും 40.6% കുട്ടികൾ സി ഗ്രേഡ് നേടി മിനിമം യോഗ്യതയില്ലാത്തവരുമാണെന്നും കാണാം.
- 'തെറ്റുകൂടാതെ എഴുതുന്നു' എന്നതാണ് അടുത്ത സൂചകം. 8.5% കുട്ടികൾക്ക് എ ഗ്രേഡും 35.2% കുട്ടികൾക്ക് ബി ഗ്രേഡും കൂടി ആകെ 42.7% കുട്ടികൾ മിനിമം യോഗ്യതയ്ക്കു മുകളിലും 57.3% കുട്ടികൾ മിനിമം യോഗ്യത കൈവരി ക്കാതെ സി ഗ്രേഡ് നേടിയവരുമാണ്.

**പട്ടിക 8**

**ലേഖനം പഠന വിധേയമാക്കിയ 3 സൂചകങ്ങളുടെ വിവരങ്ങൾ**

| സൂചകം | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| 1 | 69.5 | 30.5 | 100 |
| 2 | 59.4 | 40.6 | 100 |
| 3 | 42.7 | 57.3 | 100 |
| ആകെ | 171.6/ 3 | 128.4/ 3 | 300 |
| ശതമാനം | 57.2 | 42.8 | |

എന്നാൽ ലേഖനം എന്ന മേഖലയിലെ പ്രസക്തമായ മൊത്തം സൂചകങ്ങളെയും ആധാരമാക്കിയ ദത്തങ്ങൾ ചുവടെ കാണിച്ചിരിക്കുന്നു.

എ ഗ്രേഡ് : 21.2%

ബി ഗ്രേഡ് : 53.1%

സി ഗ്രേഡ് 25.7%

എ ഗ്രേഡ്+ബി ഗ്രേഡ് =21.2+53.1= 74.3%

സി ഗ്രേഡ്=25.7%

*അതായത് മിനിമം യോഗ്യതയ്ക്കുമുകളിൽ 74.3%ഉം മിനിമം യോഗ്യതയ്ക്കു താഴെ 25.7% ഉം ആണുള്ളത്.*

## STD VI വായന

ആകെ 100 പോയന്റ് അടിസ്ഥാനമാക്കി 70-100 നും ഇടയിൽ പോയന്റ് ലഭിച്ചവർക്ക് എ ഗ്രേഡും, 40-70 നു ഇടയിൽ പോയന്റ് ലഭിച്ചവർ ബി ഗ്രേഡ്, 40 നു താഴെ സി ഗ്രേഡ് എന്ന് കണക്കാക്കിയാണ് കുട്ടികളുടെ നിലവാരം പരി ശോധിച്ചത്.

**പട്ടിക 9**

| പോയന്റ് | ഗ്രേഡ് |
|---|---|
| 70-100 | A ഗ്രേഡ്(3 സ്കോർ) |
| 40-70 | B ഗ്രേഡ്`(2 സ്കോർ) |
| 40 നു താഴെ | C ഗ്രേഡ് (1 സ്കോർ) |

- ❖ വായന എന്ന മേഖലയിലെ 'പ്രധാനാശയം കണ്ടെത്തുക' എന്ന ഒന്നാം സൂചകത്തിൽ 9.2% കുട്ടികൾ എ ഗ്രേഡും 44.2% കുട്ടികൾ ബി ഗ്രേഡും നേടിയിട്ടുണ്ട്. അതായത് 53.4% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുക ളിലാണ്. 46.6% മിനിമം യോഗ്യത നേടാതെ സി ഗ്രേഡ് മാത്രം കരസ്ഥമാക്കിയവരാണ്.
- ❖ വായനാസാമഗ്രിയിലെ 'ഗ്രഹിച്ച ആശയത്തിൽനിന്നും പ്രസക്തമായ ചോദ്യങ്ങൾ നിർമ്മിക്കുക' എന്ന രണ്ടാം സൂചകത്തിൽ 7.2% കുട്ടികൾ എ ഗ്രേഡും 37.3 % കുട്ടികൾ ബി ഗ്രേഡും നേടിയിട്ടുണ്ട്. അതായത് 44.5% കുട്ടി കൾ മിനിമം യോഗ്യതയ്ക്ക് മുകളിലാണ്. ബാക്കിയുള്ള 55.5% കുട്ടികൾ മിനിമം യോഗ്യത നേടിയിട്ടില്ല.
- ❖ വായനാസാമഗ്രിയിലെ ഉള്ളടക്കത്തെ കേന്ദ്രീകരിച്ച് വൈവിധ്യമാർന്ന ചോദ്യങ്ങൾ നിർമ്മിക്കുക' എന്ന സൂച കത്തിൽ 7.8% കുട്ടികൾ എ ഗ്രേഡും 26.6% കുട്ടികൾ ബി ഗ്രേഡും നേടിയിട്ടുണ്ട്. 34.4% കുട്ടികൾ മിനിമം യോഗ്യ തയ്ക്ക് മുകളിലും 65.6% കുട്ടികൾ മിനിമം യോഗ്യത നേടിയിട്ടില്ല.

വായന എന്ന മേഖലയിലെ മൂന്ന് സൂചകങ്ങളെയും പഠനവിധേയമാക്കിയതിന്റെ വിവരങ്ങളാണു മുകളിൽ കൊടു ത്തിട്ടുള്ളത്. ഇവയുടെ ശരാശരി താഴെ കൊടുക്കുന്നു.

**പട്ടിക 10**

**വായന - പഠന വിധേയമാക്കിയ മൂന്ന് സൂചകങ്ങളുടെ വിവരം**

| സൂചകം | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| 1 | 53.4 % | 46.6% | 100 |
| 2 | 44.5 % | 55.5 % | 100 |
| 3 | 34.4 % | 65.6 % | 100 |
| ആകെ | 132.3/ 3 | 167.7/ 3 | 300 |
| ശരാശരി | 44.1 | 55.9 | 100 |

എന്നാൽ വായന എന്ന മേഖലയിലെ പ്രസക്തമായ മൊത്തം സൂചകങ്ങളെയും ആധാരമാക്കിയുള്ള ദത്തങ്ങൾ ചുവടെ ചേർക്കുന്നു.

എ ഗ്രേഡ് : 10.9%

ബി ഗ്രേഡ് : 52.6%

സി ഗ്രേഡ് : 36.5%

*എ + ബി ഗ്രേഡുകൾ 63.5%. മിനിമം ഗ്രേഡിന് മുകളിൽ 63.5% കുട്ടികളും താഴെ 36.5% കുട്ടികളുമാണ്.*

## ലേഖനം

ലേഖനം എന്ന മേഖലയിൽ 3 സൂചകങ്ങളാണ് പഠന വിധേയമാക്കിയത്. 'അനുയോജ്യമായ ഭാഷയിൽ അനുഭവ ക്കുറിപ്പ് തയ്യാറാക്കുക' എന്ന സൂചകത്തിൽ 11 % കുട്ടികൾക്ക് എ ഗ്രേഡും 37.8% കുട്ടികൾക്ക് ബി ഗ്രേഡും ലഭിച്ചു. ആകെ 48.8% കുട്ടികളാണ് മിനിമം യോഗ്യത കൈവരിച്ചിട്ടുള്ളത്.

51.2% കുട്ടികൾ സി ഗ്രേഡ് നേടി മിനിമം യോഗ്യതയ്ക്ക് താഴെയാണ്.

- ❖ ആശയക്രമീകരണത്തോടെ രചന നിർവ്വഹിക്കുന്നു എന്ന സൂചകത്തിൽ 6.6% കുട്ടികൾക്ക് എ ഗ്രേഡ് 32.3% കുട്ടികൾക്ക് ബി ഗ്രേഡും ലഭിച്ചു. ആകെ 38.9% കുട്ടികൾ മാത്രം മിനിമം യോഗ്യത നേടി. 61.1% കുട്ടികൾ മിനിമം യോഗ്യത ലഭിക്കാത്തവരാണ്.
- ❖ സ്വന്തം ശൈലിയിൽ അനുഭവക്കുറിപ്പ് എഴുതുക എന്ന സൂചകത്തിൽ 6.6% പേർ എ ഗ്രേഡും 32.3% കുട്ടികൾ ബി ഗ്രേഡും നേടി. ആകെ 38.9% കുട്ടികളാണ് മിനിമം യോഗ്യതയ്ക്ക് മുകളിൽ. ബാക്കി 61.1% കുട്ടികൾ മിനിമം ലഭിക്കാത്തവരാണ്

### പട്ടിക 11
### ലേഖനം - പഠന വിധേയമാക്കിയ മൂന്ന് സൂചകങ്ങളുടെ വിവരം

| സൂചകം | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| 1 | 48.8 % | 51.2 % | 100 |
| 2 | 38.9 % | 61.1 % | 100 |
| 3 | 38.9 % | 61.1 % | 100 |
| ശരാശരി | 126.6/ 3 | 173.4/3 | 300 |
| ശതമാനം | 42.2 | 57.8 | 100 |

*ലേഖനം എന്ന മേഖലയിൽ പ്രസക്തമായ മൊത്തം സൂചകങ്ങളെയും ആധാരമാക്കിയ ദത്തങ്ങൾ ചുവടെ കാണി ച്ചിരിക്കുന്നു.*

എ ഗ്രേഡ് : 13.5%

ബി ഗ്രേഡ് : 46.05%

സി ഗ്രേഡ് : 40%

*എ+ ബി ഗ്രേഡ് ലഭിച്ചവർ 60% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലും 40% കുട്ടികൾ സി ഗ്രേഡ് നേടിയ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്.*

## വായന- താരതമ്യം IV- VI

IV-ാം ക്ലാസ്സിലെ വായന എന്ന മേഖലയിലെ ഒന്നാം സൂചകം പ്രധാനാശയം കണ്ടെത്തുന്നു എന്നതിൽ 64.4% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലും 34.6% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. VIാം ക്ലാസ്സിലെ വായന എന്ന മേഖലയിലെ പ്രധാശയം കണ്ടെത്തുക എന്ന സൂചകത്തിൽ 53.4% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലും 46.6% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. ഇത് സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

### പട്ടിക 12
### വായന-ഒന്നാം സൂചകം-ക്ലാസ്സ് താരതമ്യം

| ക്ലാസ്സ് | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 64.4 | 34.6 | 100 |
| VI | 53.4 | 46.6 | 100 |

IV-ാം ക്ലാസ് കുട്ടികളെയും VI-ാം ക്ലാസ്സ് കുട്ടികളെയും താരതമ്യപ്പെടുത്തുമ്പോൾ വായനയിലെ ഒന്നാം സൂചകത്തിൽ മിനിമം യോഗ്യത നേടുന്നവരുടെ ശതമാനം ആറാം ക്ലാസ്സിലെത്തുമ്പോൾ കുറവ് വരുന്നതായി കാണുന്നു.

❖ നാലാം ക്ലാസ്സിലെ വായന എന്ന മേഖലയിൽ രണ്ടാം സൂചകം 'പരസ്പരബന്ധം കണ്ടെത്തുന്നു' എന്നതിൽ 46.8% കുട്ടികൾ മിനിമം യോഗ്യതക്ക് മുകളിലും 53.2% മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. ആറാം ക്ലാസ്സിലെ വായനയുടെ രണ്ടാം സൂചകം' ഗ്രഹിച്ച ആശയത്തിൽ നിന്നും പ്രസക്തമായ ചോദ്യം നിർമ്മിക്കുക' എന്നതിൽ 44.5 % കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലാണ്. 55.5% കുട്ടികൾ മിനിമം യോഗ്യതക്ക് താഴെയുമാണ്. ഇത് സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

## പട്ടിക 13
## വായന-രണ്ടാം സൂചകം-ക്ലാസ്സ് താരതമ്യം

| ക്ലാസ്സ് | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 46.8 | 53.2 | 100 |
| VI | 44.5 | 55.5 | 100 |

രണ്ടു സൂചകത്തിലും നാലാം ക്ലാസ്സിലെ കുട്ടികളെ അപേക്ഷിച്ച് ആറാം ക്ലാസ്സിലെ കുട്ടികളുടെ മികവ് കുറയുന്നതായി കാണുന്നു. ശതമാനനിരക്കിൽ വിലയ അന്തരം ഉള്ളതായി കാണുന്നില്ല.

❖ നാലാം ക്ലാസ്സിലെ വായനയിലെ മൂന്നാം സൂചകമായ വായിച്ച് ഗ്രഹിച്ച ആശയത്തെ വ്യത്യസ്തരീതിയിൽ പ്രകടിപ്പിക്കുന്നു എന്നതിൽ 37.3% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലും 62.7% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. ആറാം ക്ലാസ്സിലെ 'വായനാസാമഗ്രിയിലെ ഉള്ളടക്കത്തെ കേന്ദ്രീകരിച്ച് വൈവിധ്യമാർന്ന ചോദ്യങ്ങൾ നിർമ്മിക്കുക' എന്ന സൂചകത്തിൽ 34.4% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലും 65.6% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലുമാണ്. ഇത് സംബന്ധിച്ച പട്ടിക താഴെക്കൊടുക്കുന്നു.

## പട്ടിക 14
## വായന-രണ്ടാം സൂചകം-ക്ലാസ്സ് താരതമ്യം

| ക്ലാസ്സ് | 40%-100% | 40%ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 37.3 | 62.7 | 100 |
| VI | 34.4 | 65.6 | 100 |

മൂന്നാം സൂചകത്തിലും കുട്ടികളുടെ മികവ് നാലാം ക്ലാസ്സിലെ അപേക്ഷിച്ച് ആറാം ക്ലാസ്സിൽ കുറവായി കാണുന്നു.

❖ നാലാം ക്ലാസ്സിലെ വായന എന്ന മേഖലയിലെ പ്രസക്തമായ മൊത്തം സൂചകങ്ങളെയും ആധാരമാക്കിയപ്പോൾ 72.2% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലാണ്. 27.8% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്.

❖ ആറാം ക്ലാസ്സിലെ വായന എന്ന മേഖലയിലെ പ്രസക്തമായ മൊത്തം സൂചകങ്ങളെ ആധാരമാക്കിയുള്ള കണക്കുകൾ പരിശോധിച്ചപ്പോൾ 63.5% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലാണ്. 36.5% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. ഇത് സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു.

## പട്ടിക 15

## വായന - ക്ലാസ് താരതമ്യം

| ക്ലാസ്സ് | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 72.2 | 27.8 | 100 |
| VI | 63.5 | 36.5 | 100 |

നാലാം ക്ലാസ്സിൽ നിന്നും ആറാം ക്ലാസ്സിൽ എത്തുമ്പോൾ വായനയുടെ മൊത്തം നിലവാരം കുറഞ്ഞ് വരുന്ന തായി കാണുന്നു.

### ലേഖനം താരതമ്യം IV/VI

നാലാം ക്ലാസ്സിലെ ലേഖനം എന്ന മേഖലയിൽ പഠന വിധേയമാക്കിയ ഒന്നാം സൂചകം 'ആശയപൂർണതയോടെ രചന നിർവ്വഹിക്കുന്നു' എന്നതിൽ 69.5% കുട്ടികൾ മിനിമം യോഗ്യതക്ക് മുകളിലും 30.5% കുട്ടികൾ മിനിമം യോഗ്യ തയ്ക്ക് താഴെയുമാണ്. നാലാം ക്ലാസ്സിലെ ലേഖനം എന്ന മേഖലയിലെ 'അനുയോജ്യമായ ഭാഷയിൽ അനുഭവ ക്കുറിപ്പ് തയ്യാറാക്കുക' എന്ന സൂചകത്തിൽ 48.8% കുട്ടികൾക്ക് മിനിമം യോഗ്യതയുണ്ട്. 51.2% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയാണ്. ഇത് സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു.

## പട്ടിക 16

## ലേഖനം ഒന്നാം സൂചകം - ക്ലാസ് താരതമ്യം

| ക്ലാസ്സ് | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 69.5 | 30.8 | 100 |
| VI | 48.8 | 51.2 | 100 |

ലേഖനത്തിലെ ഒന്നാം സൂചകത്തിൽ നാലാം ക്ലാസ്സിലെ കുട്ടികളും ആറാം ക്ലാസ്സിലെ കുട്ടികളും തമ്മിൽ കാര്യ മായ അന്തരം നിലനിൽക്കുന്നതായി കാണാം. ആറാം ക്ലാസ്സിലെത്തുമ്പോൾ മിനിമം യോഗ്യത നേടുന്നവരുടെ ശതമാനം കാര്യമായി കുറയുന്നു.

❖ നാലാം ക്ലാസ്സിലെ ലേഖനത്തിലെ രണ്ടാം സൂചകം 'വാക്യഘടനാക്രമം പാലിച്ചുകൊണ്ട് രചന നിർവ്വഹി ക്കുന്നു' എന്നതിൽ 59.4% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിൽ 40.6% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. ആറാം ക്ലാസ്സിലെ 'ആശയക്രമീകരണത്തോടെ രചന നിർവ്വഹിക്കുന്നു' എന്ന സൂചകത്തിൽ 38.9% കുട്ടികൾ മിനിമം യോഗ്യത നേടി. 61.1% കുട്ടികൾ മിനിമം യോഗ്യത നേടാത്തവരാണ്. ഇത് സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു.

## പട്ടിക 17

## ലേഖനം രണ്ടാം സൂചകം താരതമ്യം

| ക്ലാസ്സ് | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 59.4 | 40.6 | 100 |
| VI | 38.9 | 61.1 | 100 |

ലേഖനത്തിലെ രണ്ടാം സൂചകത്തിലും മിനിമം യോഗ്യത നേടിയവരുടെ ശതമാനം നാലാം ക്ലാസ്സിനെ അപേ ക്ഷിച്ച് ആറാം ക്ലാസ്സിലെ കുട്ടികളിൽ കുറഞ്ഞ് വരുന്നതായി കാണുന്നു.

❖ നാലാം ക്ലാസ്സിലെ ലേഖനം എന്ന മേഖലയിലെ മൂന്നാം സൂചകം തെറ്റ് കൂടാതെ എഴുതുന്നു എന്നതിൽ 42.7% മിനിമം യോഗ്യതക്ക് മുകളിലും 57.3% പേർ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. ആറാം ക്ലാസ്സിലെ ലേഖന ത്തിലെ മൂന്നാം സൂചകമായ സ്വന്തം ശൈലിയിൽ അനുഭവക്കുറിപ്പ് തയ്യാറാക്കുക എന്നതിൽ 38.9% പേർ മിനിമം യോഗ്യതയ്ക്ക് മുകളിലും 61.1 % പേർ മിനിമം യോഗ്യതയില്ലാത്തവരുമാണ്. ഇത് സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു.

## പട്ടിക 18

### ലേഖനം മൂന്നാം സൂചകം ക്ലാസ്സ് താരതമ്യം

| ക്ലാസ്സ് | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 42.7 | 57.3 | 100 |
| VI | 38.9 | 61.1 | 100 |

IV നെ അപേക്ഷിച്ച് ആറാം ക്ലാസ്സിലെത്തുമ്പോൾ നേരിയ കുറവുണ്ടെങ്കിലും കാര്യമായ വ്യതിയാനം കാണുന്നില്ല.

നാലാം ക്ലാസ്സിലെ ലേഖനം എന്ന മേഖലയിലെ പ്രസക്തമായ മൊത്തം സൂചകങ്ങളെയും ആധാരമാക്കി ദത്ത ങ്ങൾ പരിശോധിച്ചപ്പോൾ 74.3% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലും 25.7% കുട്ടികൾ മിനിമം യോഗ്യ തയ്ക്ക് താഴെയുള്ള ആറാം ക്ലാസ്സിലെ ലേഖനം പ്രസക്തമായ മൊത്തം സൂചകങ്ങളെയും ആധാരമാക്കിയ ദത്ത ങ്ങൾ സൂചിപ്പിക്കുന്നത്

60% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് മുകളിലും 40% കുട്ടികൾ മിനിമം യോഗ്യതയ്ക്ക് താഴെയുമാണ്. ഇത് സംബ ന്ധമായ ദത്തങ്ങൾ താഴെകൊടുക്കുന്നു.

## പട്ടിക - 19

| ക്ലാസ്സ് | 40%-100% | 40 %ത്തിന് താഴെ | ആകെ |
|---|---|---|---|
| IV | 74.3 | 25.7 | 100 |
| VI | 60 | 40 | 100 |

ലേഖനത്തിന്റെ മൊത്തം അവസ്ഥ പരിശോധിച്ചാൽ IV ൽനിന്നും VIൽ എത്തുമ്പോഴേക്കും ക്രമാനുഗതമായ കുറവ് ദൃശ്യമാണ്.

## ലേഖനം 4 & 6 ക്ലാസ്സുകൾ



# കണ്ടെത്തലുകൾ

- ❖ നാലാം ക്ലാസ്സിലെ കുട്ടികളിൽ നടത്തിയ പഠനത്തിൽ ഗ്രഹിച്ച ആശയം വ്യത്യസ്തരീതിയിൽ പ്രകടിപ്പിക്കുന്നതിൽ ഭൂരിപക്ഷം കുട്ടികളും മിനിമം യോഗ്യത കൈവരിക്കാൻ കഴിയാത്തവരാണ്. (62.7%)
- ❖ പ്രധാനാശയം കണ്ടെത്താൻ 65% കുട്ടികൾക്കും കഴിവുണ്ട്.
- ❖ ലേഖനത്തിൽ 'തെറ്റുകൂടാതെ എഴുതുന്നു'എന്നതാണ് 57.3% കുട്ടികൾക്കും 40% സ്കോർ നേടാൻ കഴിയാത്തവരാണ്.
- ❖ 'ആശയപൂർണ്ണതയോടെ രചന നിർവ്വഹിക്കുന്നു' എന്ന സൂചകത്തിൽ 69.6% കുട്ടികൾക്കും മിനിമം യോഗ്യതയായ 40% സ്കോറിനുമുകളിലെത്താൻ കഴിയുന്നു.
- ❖ വായനയെ അപേക്ഷിച്ച് രചനാമികവിൽ നേരിയ തോതിലുള്ള മുൻതൂക്കം പുലർത്തുന്നതായി കാണാം.
- ❖ ആറാം ക്ലാസ്സിലെ കുട്ടികളിൽ വായനയിൽ 40% സ്കോർ നേടാൻ കഴിഞ്ഞത് ഒന്നാം സൂചകമായ 'പ്രധാനാശയം കണ്ടെത്തുക' എന്ന ഇനത്തിലാണ്.
- ❖ വായനാസാമഗ്രിയിലെ 'ഉള്ളടക്കത്തെ കേന്ദ്രീകരിച്ച് വൈവിധ്യമാർന്ന ചോദ്യങ്ങൾ നിർമ്മിക്കുക' എന്ന സൂചകത്തിൽ 35 ശതമാനം കുട്ടികൾക്കേ 40%ൽ കൂടുതൽ സ്കോർ നേടാൻ കഴിയുന്നുള്ളു.
- ❖ ആറാം ക്ലാസ്സിലെ ലേഖനം എന്ന മേഖലയിൽ 40% സ്കോർ നേടാൻ കഴിയാത്ത കുട്ടികളാണ് കൂടുതൽ.
- ❖ ആശയക്രമീകരണത്തോടെ രചന നിർവ്വഹിക്കുന്നു. സ്വന്തം ശൈലിയിൽ ആശയം ലിഖിതരൂപത്തിൽ പ്രകടിപ്പിക്കുക എന്നീ സൂചകങ്ങളിൽ 61 ശതമാനം കുട്ടികൾക്കും 40% സ്കോർ നേടാൻ കഴിഞ്ഞിട്ടില്ല.
- ❖ നാലാം ക്ലാസ്സും ആറാം ക്ലാസ്സും താരതമ്യം ചെയ്താൽ വായനയിലും ലേഖനത്തിലും ക്രമാനുഗതമായ പിന്നാക്കം ആറാം ക്ലാസ്സിലേക്കെത്തുമ്പോൾ ഉണ്ടാകുന്നതായി കാണുന്നു.
- ❖ നാലാം ക്ലാസ്സിൽ രചനാമികവ് വായനയെ അപേക്ഷിച്ച് പുലർത്തുമ്പോൾ ആറാം ക്ലാസ്സിൽ രചന എന്ന മേഖലയിൽ വായനയെ അപേക്ഷിച്ച് പിന്നാക്കമാണ് കാണുന്നത്.
- ❖ വായനയുടെ മൂന്നു സൂചകങ്ങളിലും നാലാം ക്ലാസ്സിനെ അപേക്ഷിച്ച് നാൽപ്പത് ശതമാനം സ്കോർ നേടുന്ന കുട്ടികളുടെ ശതമാനം ആറാം ക്ലാസ്സിൽ കുറവുണ്ട്.
- ❖ ലേഖനത്തിലെ മൂന്നു സൂചകങ്ങളിലും നാലാം ക്ലാസ്സിനെ അപേക്ഷിച്ച് നാൽപ്പത് ശതമാനം സ്കോർ നേടുന്ന കുട്ടികളുടെ ശതമാനം ആറാം ക്ലാസ്സിൽ ഉയർന്നതോതിലുള്ള കുറവ് കാണുന്നു.

# പട്ടിക 20
## ചോദ്യാവലി– കുട്ടികളോട്

ഭാഷാപരമായ പിന്നാക്കവസ്ഥയെപ്പറ്റിയുള്ള പഠനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ചോദ്യാവലി തയ്യാറാക്കി. ഈ ചോദ്യാവലിയിൽ വായനയും ലേഖനവുമായി ബന്ധപ്പെട്ട 15 ചോദ്യപ്രസ്താവനകളാണുള്ളത്.

| Sl. No. | School | | 1 | | 2 | | | 3 | | | 4 | | 5 | | 6 | | 7 | | 8 | | 9 | | | | | 10 | | | | | | 11 | | 12 | | | | 13 | | 14 | | 15 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Class | Y | N | Y | P | N | No | | | Y | N | Y | N | Y | N | Y | N | Y | N | വായന | ക്വിസ് | കവിത | കഥ | കൈയ്യെഴുത്ത് | Brothers | Parents | Friends | Tution | Others | No one | Y | N | Y | N | Home | School | Y | N | Y | N | കഥ | കവിത | പാട്ട് | ഡയറി |
| 1 | GUPS, Perya | IV | 40 | - | 30 | 10 | - | 2 | 8 | 9 | 35 | 5 | 15 | 25 | 8 | 22 | 33 | 7 | 13 | 27 | 20 | 23 | 21 | 8 | 8 | 16 | 29 | 3 | 1 | - | 4 | 10 | 30 | 13 | 26 | - | - | 6 | 34 | 24 | 16 | 29 | 25 | 14 | - |
| | | VI | 37 | - | 32 | 5 | - | 3 | 1 | 4 | 33 | 4 | 7 | 30 | 8 | 20 | 34 | 3 | 15 | 22 | 17 | 10 | 5 | 8 | 9 | 18 | 27 | 8 | 7 | 9 | 1 | 11 | 26 | 7 | 30 | - | - | 2 | 35 | 21 | 16 | 14 | 14 | 10 | - |
| 2 | GUPS, Poothadi | IV | 40 | - | 10 | 30 | - | 2 | 9 | 5 | 36 | 4 | 8 | 32 | 26 | 14 | 36 | 4 | 34 | 6 | 37 | 34 | 35 | 34 | 33 | 17 | 30 | 27 | 5 | 18 | 6 | 17 | 23 | 3 | 37 | 1 | 2 | - | 40 | 26 | 14 | 37 | 25 | 28 | - |
| | | VI | 40 | - | 27 | 13 | - | 3 | 5 | 1 | 38 | 2 | 12 | 28 | 29 | 11 | 30 | 10 | 29 | 11 | 19 | 22 | 10 | 11 | 10 | 14 | 30 | 20 | 4 | 1 | 5 | 21 | 19 | 10 | 29 | - | 1 | 8 | 32 | 30 | 10 | 27 | 19 | 14 | - |
| 3 | AUPS, Venjode | IV | 41 | - | 14 | 26 | 1 | 3 | 5 | 2 | 40 | 1 | 8 | 33 | 17 | 24 | 31 | 10 | 15 | 26 | 8 | 26 | 8 | 17 | 11 | 20 | 35 | 19 | 6 | 9 | - | 14 | 27 | 19 | 22 | 6 | 15 | 1 | 40 | 22 | 19 | 36 | 19 | 24 | - |
| | | VI | 37 | - | 9 | 28 | - | - | 9 | 6 | 37 | - | 4 | 33 | 7 | 30 | 11 | 26 | 11 | 26 | 13 | 31 | - | 3 | 11 | 20 | 36 | 25 | 3 | 1 | - | 12 | 25 | 11 | 26 | 4 | 11 | 17 | 20 | 25 | 12 | 22 | 28 | 8 | - |
| 4 | HIMUPS, Kalpetta | IV | 27 | - | 21 | 6 | - | - | 7 | 1 | 24 | 3 | 14 | 13 | 6 | 21 | 11 | 16 | 5 | 22 | 7 | 9 | 3 | 8 | 10 | 7 | 6 | 1 | 4 | - | 7 | 18 | 9 | 11 | 16 | 2 | 12 | 1 | 26 | 18 | 9 | 14 | 15 | 7 | - |
| | | VI | 25 | - | - | 25 | - | - | 5 | 8 | 25 | - | 8 | 17 | 12 | 13 | 9 | 16 | 19 | 6 | 3 | 11 | 6 | 5 | 12 | 8 | 17 | 10 | 5 | 5 | 2 | 20 | 5 | 12 | 11 | 1 | - | - | 25 | 11 | 14 | 12 | 8 | 7 | - |
| 5 | St. Antony's UPS, Kottathara | IV | 26 | - | 3 | 18 | 5 | 1 | 5 | 0 | 26 | - | 5 | 21 | 15 | 11 | 24 | 2 | 3 | 23 | 4 | 9 | 13 | 9 | 16 | 9 | 22 | 8 | 1 | 4 | - | 18 | 8 | 2 | 24 | 1 | 3 | - | 26 | 20 | 6 | 12 | 13 | 11 | - |
| | | VI | 40 | - | - | 40 | - | 2 | 5 | 3 | 39 | 1 | 5 | 35 | 24 | 16 | 32 | 8 | 9 | 31 | 6 | 33 | 9 | 4 | 12 | 13 | 34 | 22 | 6 | 1 | 3 | 27 | 13 | 39 | 1 | 13 | 34 | 29 | 11 | 25 | 15 | 16 | 19 | 17 | - |
| 6 | IUPS, Cheeral | IV | 39 | 1 | - | 36 | 4 | 1 | 1 | 5 | 40 | - | - | 40 | 6 | 34 | 35 | 5 | 1 | 39 | 13 | 18 | 16 | 22 | 18 | 21 | 35 | 32 | 17 | 11 | 2 | 2 | 38 | - | 40 | - | - | - | 40 | 40 | - | 31 | 19 | 25 | - |
| | | VI | 39 | 1 | 1 | 37 | 2 | 3 | 1 | 6 | 39 | 1 | 17 | 23 | 28 | 12 | 33 | 7 | 24 | 16 | 17 | 26 | 26 | 9 | 11 | 11 | 26 | 12 | 16 | 10 | 2 | 10 | 30 | 8 | 28 | 1 | 1 | 6 | 34 | 33 | 7 | 27 | 23 | 15 | - |
| 7 | GUPS, Kappiset | IV | 39 | - | 8 | 29 | 2 | 4 | 5 | 8 | 34 | 5 | 20 | 19 | 19 | 20 | 34 | 5 | 15 | 24 | 7 | 13 | 5 | 23 | 5 | 16 | 32 | 13 | 19 | 3 | - | 15 | 24 | 14 | 25 | - | - | 2 | 37 | 35 | 4 | 30 | 28 | 17 | - |
| | | VI | 40 | - | 34 | 5 | 1 | 2 | 3 | 4 | 38 | 2 | 13 | 27 | 23 | 18 | 37 | 3 | 25 | 15 | 15 | 17 | 15 | 16 | 4 | 17 | 33 | 18 | 8 | 10 | 2 | 25 | 15 | 6 | 34 | - | - | 14 | 26 | 32 | 8 | 26 | 29 | 20 | - |
| 8 | GUPS, Kottanad | IV | 33 | 5 | 7 | 25 | 6 | 2 | 3 | 0 | 31 | 7 | 12 | 26 | 12 | 26 | 15 | 23 | 6 | 22 | 16 | 19 | 11 | 13 | 17 | 12 | 23 | 10 | 2 | 2 | 2 | 21 | 17 | 23 | 15 | 18 | 17 | 1 | 37 | 27 | 11 | 5 | 3 | 6 | 1 |
| | | VI | 40 | - | 17 | 21 | 2 | 1 | 0 | 2 | 36 | 4 | 9 | 31 | 4 | 36 | 28 | 12 | 21 | 19 | 5 | 28 | 1 | 5 | 3 | 20 | 28 | 15 | 2 | 9 | 3 | 29 | 11 | 34 | 7 | 19 | 30 | 5 | 35 | 31 | 9 | 28 | 11 | 13 | - |
| 9 | GUPS, Karingeri | IV | 28 | - | - | 28 | - | 3 | 4 | 1 | 25 | 3 | 9 | 19 | 11 | 17 | 23 | 5 | 11 | 17 | 4 | 17 | 10 | 9 | 10 | 15 | 23 | 12 | 3 | 1 | - | 15 | 13 | 4 | 24 | - | - | - | 27 | 25 | 3 | 17 | 19 | 17 | - |
| | | VI | 40 | - | - | 38 | 3 | 3 | 3 | 1 | 38 | 2 | 13 | 27 | 15 | 25 | 29 | 11 | 9 | 31 | 11 | 19 | 16 | 8 | 12 | 10 | 15 | 6 | 5 | - | 12 | 25 | 15 | 5 | 33 | 2 | - | 1 | 39 | 15 | 25 | 20 | 8 | 18 | - |
| | | IV | 313 | 6 | 93 | 208 | 18 | 2301 | | | 291 | 28 | 91 | 228 | 120 | 199 | 242 | 77 | 103 | 216 | 116 | 168 | 266 | 143 | 128 | 133 | 235 | 125 | 58 | 48 | 21 | 130 | 189 | 89 | 229 | 28 | 49 | 11 | 308 | 237 | 82 | 211 | 166 | 149 | |
| | | VI | 338 | 1 | 120 | 212 | 71 | 1955 | | | 323 | 16 | 88 | 251 | 150 | 189 | 243 | 96 | 162 | 177 | 106 | 191 | 82 | 69 | 84 | 131 | 256 | 136 | 56 | 46 | 30 | 100 | 239 | 132 | 207 | 40 | 77 | 82 | 257 | 223 | 116 | 192 | 159 | 122 | |

ഓരോ ചോദ്യപ്രസ്താവനയ്ക്കും കുട്ടികളുടെ പ്രതികരണം താഴെ വിശദീകരിക്കുന്നു.

### ചോദ്യനമ്പർ 1

### ഭാഷാ പഠനക്ലാസ്സ് ഇഷ്ടമാണോ? എന്തുകൊണ്ട്?

പട്ടിക 21

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | ഉണ്ട് | ഇല്ല | % |
|---|---|---|---|---|
| IV | 319 | 313 | 6 | 98% |
| VI | 339 | 338 | 1 | 99.7% |

നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ 98.1% ഭാഷാപഠനക്ലാസ്സ് ഇഷ്ടമാണ്. മലയാളം മാതൃഭാഷയായതുകൊണ്ടും മലയാളം വേഗത്തിൽ പഠിക്കാൻ കഴിയുന്നതുകൊണ്ടും. ധാരാളം പാട്ടുകളും കവിതകളും കഥകളും ക്ലാസ്സിൽ പഠിപ്പിക്കാനുള്ളതുകൊണ്ടാണെന്നാണ് ഭാഷാപഠനക്ലാസ്സ് ഇഷ്ടമായതെന്ന് കുട്ടികൾ പ്രതികരിച്ചു.

ക്ലാസ്സിൽ വേണ്ടത്ര അനുഭവങ്ങളില്ലാത്തതുകൊണ്ടാണ് 190 കുട്ടികൾക്ക് ഭാഷാപഠനക്ലാസ്സിലുൾപ്പെടാത്തത് എന്ന് കണ്ടെത്താൻ സാധിച്ചു.

### ചോദ്യനമ്പർ 2

### ലൈബ്രറി പുസ്തകങ്ങൾ സ്കൂളിൽനിന്ന് വായിക്കാൻ കിട്ടുന്നുണ്ട്.

പട്ടിക 22

| ക്ലാസ്സ് | കുട്ടികളും | വല്ലപ്പോഴും | % | ആവശ്യമുള്ള | % | ഇല്ല | % |
|---|---|---|---|---|---|---|---|
| IV | 319 | 93 | 29 | 208 | 65.2 | 18 | 5.6 |
| VI | 339 | 120 | 35.3 | 212 | 62.5 | 7 | 2.06 |

നാലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ സ്കൂളിൽനിന്ന് വായിക്കാൻ കിട്ടുന്നത് വല്ലപ്പോഴും 29% വും ആറാം ക്ലാസ്സിൽ 35.3% വുമാണ്. ആവശ്യമുള്ളപ്പോഴൊക്കെ കിട്ടുന്നത് നാലാം ക്ലാസ്സിലെ കുട്ടികളിൽ 65.2% വും ആറാം ക്ലാസ്സിലെ കുട്ടികളിൽ 62.5% വുമാണ്. നാലാം ക്ലാസ്സിൽ 5.6% ആറാം ക്ലാസ്സിൽ 2.06 % കുട്ടികൾക്ക് ലൈബ്രറി പുസ്തകം ലഭ്യമല്ല.

### ചോദ്യനമ്പർ 3

### ഈ വർഷം ( 2007 – 2008) എത്ര പുസ്തകങ്ങൾ വായിച്ചു?

പട്ടിക 23

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | ശരാശരി |
|---|---|---|---|
| IV | 319 | 2301 | 7 |
| VI | 339 | 1955 | 5 |

നാലാംക്ലാസ്സിലെ ഒരു കുട്ടി ഈ വർഷത്തിൽ ശരാശരി 7 പുസ്തകങ്ങൾ ആറാം ക്ലാസ്സിലെ ഒരു കുട്ടി 5 പുസ്തകങ്ങളാണ് വായിക്കുന്നത്. വായിക്കുന്ന പുസ്തകങ്ങളിൽ അധികവും ബാലപ്രസിദ്ധീകരണങ്ങളെല്ലാം വിജ്ഞാനവിഭാഗത്തിലുള്ള പുസ്തകങ്ങളും വായന വളരെക്കുറവാണ്. കുട്ടികൾക്ക് വായനയോടുള്ള താൽപര്യം മെച്ചപ്പെടുത്തുന്നതിനുള്ള അന്തരീക്ഷം സജ്ജീകരിക്കുന്നതിൽ വിദ്യാലയത്തിലും ക്ലാസ്സു മുറിയിലും കുറവാണ്. രക്ഷിതാക്കളുടെ ഭാഗത്തുനിന്നുള്ള പിന്തുണയും കുറവാണ്. ഓരോ ക്ലാസ്സിൽനിന്ന് ഉയർന്ന ക്ലാസ്സിൽ എത്തുമ്പോൾ വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണം കുറവാണെന്നാണ് മനസ്സിലാക്കേണ്ടത്.

**ചോദ്യനമ്പർ 4**

**വീട്ടിൽ വച്ച് പഠനപ്രവർത്തനത്തിൽ ഏർപ്പെടാറുണ്ടോ?**

**പട്ടിക 24**

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 319 | 291 | 91 | 28 | 8.7 |
| VI | 339 | 323 | 952 | 16 | 4.7 |

നാലാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ വീട്ടിൽവച്ച് പഠനപ്രവർത്തനങ്ങൾ ഏർപ്പെടുന്നതിൽ 91 % ആറാം ക്ലാസ്സിൽ 95% ആണ്. ഏതെല്ലാം പഠനപ്രവർത്തനങ്ങളിൽ എന്ന പ്രശ്നത്തിന് കുട്ടികൾ പ്രതികരിച്ചത് വായനയിൽ മാത്ര മാണ്. പ്രോജക്ട്, സർവ്വേ തുടങ്ങിയ പഠനപ്രവർത്തനങ്ങൾ ഏർപ്പെടുന്നത് വളരെ കുറവാണ്.

**ചോദ്യനമ്പർ 5**

**പഠനാവസരങ്ങൾ കൂടുതലായി നഷ്ടപ്പെടാറുണ്ടോ ഉണ്ടെങ്കിൽ എന്തുകൊണ്ട്?**

**പട്ടിക 25**

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 319 | 91 | 28 | 228 | 74.6 |
| VI | 339 | 88 | 251 | 251 | 74 |

നാലാം ക്ലാസ്സിലെ 28% ഉം, ആറാം ക്ലാസ്സിലെ 25.9% കുട്ടികൾക്കും പഠനാവസരങ്ങൾ കൂടുതൽ നഷ്ടപ്പെടുന്നുണ്ട്. വീട്ടിലെ പ്രശ്നങ്ങളാണ് മുഖ്യകാരണം.

**ചോദ്യനമ്പർ 6**

**എല്ലാ ദിവസവും പത്രം വായിക്കാറുണ്ടോ?**

**പട്ടിക 26**

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 219 | 120 | 37.6 | 199 | 62.3 |
| VI | 339 | 150 | 44.2 | 189 | 55.7 |

എല്ലാ ദിവസവും പത്രം വായിക്കുന്ന കുട്ടികൾ 4,6 ക്ലാസ്സുകളിൽ യഥാക്രമം 37.6%, 44.2% ആണ്. പത്രം വായി ക്കാത്ത കുട്ടികൾ നാലാം ക്ലാസ്സിൽ 62.3% ആറാം ക്ലാസ്സിൽ 55.7% ആണ്.

## ചോദ്യനമ്പർ 7
**ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽനിന്നും പഠനപ്രവർത്തനങ്ങൾക്കാവശ്യമായ ശേഖരങ്ങൾ നടക്കാറുണ്ടോ? ഉണ്ടെങ്കിൽ എന്തൊക്കെ?**

പട്ടിക 27

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 319 | 242 | 75.8 | 97 | 30.4 |
| VI | 339 | 243 | 71.6 | 96 | 28.3 |

വിവിധപഠനപ്രവർത്തനങ്ങളുടെ ഭാഗമായി ദിനപത്രങ്ങൾ,ആനുകാലികങ്ങൾ എന്നിവയിൽ നിന്നും ശേഖരണങ്ങൾ നടത്തുന്നത് 4,6 ക്ലാസ്സുകളിൽ ഉയർന്ന ശതമാനത്തിലാണ്. അവ യഥാക്രമം 75.8ഉം 71.6% ആണ്. 30.4% ഉം 28.3% ആണ് 4, 6 ക്ലാസ്സുകളിൽ കുറവ്.
കുട്ടികൾ പ്രധാനമായും പ്രോജക്ടിന്റെ ഭാഗങ്ങളാണ് ശേഖരണം നടത്തുന്നത്. വിവിധ ദിനപത്രങ്ങളിൽ കുട്ടികളുടെ വിഭാഗത്തിൽനിന്നാണ് ശേഖരണം നടത്തുന്നത്. വാരിക, മാസിക തുടങ്ങിയ ആനുകാലികങ്ങളിൽനിന്ന് ശേഖരണം 3% മാത്രമാണ് ഉള്ളത്. അതുതന്നെ രക്ഷിതാക്കളുടെ സഹായത്തോടെയാണ്.

## ചോദ്യനമ്പർ 8
**എന്റെ മരം ഡയറി/ദൈനംദിന ഡയറി ഞാൻ കൃത്യമായി എഴുതാറുണ്ട്.**

പട്ടിക 28

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 319 | 103 | 32.2 | 216 | 67.7 |
| VI | 339 | 162 | 47.7 | 177 | 52.2 |

എന്റെ മരം ഡയറി/ ദൈനംദിന ഡയറി കൃത്യമായി എഴുതുന്ന കുട്ടികൾ നാലിൽ 32.2% ആറിൽ 47.7% ആണ്. എഴുതാത്തവർ നാല്, ആറ് ക്ലാസ്സുകളിൽ 67.7% വും 52.2% ആണ്. കൂടുതൽ കുട്ടികളും എഴുതാത്തവരാണ്.

## ചോദ്യനമ്പർ 9
**ഞാൻ പങ്കെടുക്കുന്ന മത്സരങ്ങൾ**

പട്ടിക 29

| ക്ലാസ്സ് | എണ്ണം | വായന | % | ക്വിസ് | % | കവിത | % | കഥ | % | കയ്യെഴുത്ത് | % |
|---|---|---|---|---|---|---|---|---|---|---|---|
| IV | 319 | 116 | 36.3 | 168 | 52.6 | 266 | 83.3 | 143 | 44.8 | 28 | 8.7 |
| VI | 339 | 106 | 31.2 | 191 | 563 | 82 | 24.1 | 69 | 203 | 84 | 24.7 |

ഭാഷയുമായി ബന്ധപ്പെട്ട മത്സര ഇനങ്ങളിൽ നാലാം ക്ലാസ്സിലെ കുട്ടികൾ ഏറ്റവും കൂടുതൽ പങ്കെടുക്കുന്നത് കവിതയിലുണ്ട്. ഏറ്റവും കുറവ് കയ്യെഴുത്ത് മത്സരത്തിലാണ്. 8.7% മാത്രം. വായന, കഥ എന്നീ ഇനങ്ങളിൽ യഥാക്രമം 36.3%, 44.8% ആണ്.

ആറാം ക്ലാസ്സിലെ കുട്ടികൾ ഏറ്റവും കൂടുതൽ പങ്കെടുക്കുന്ന മത്സരഇനം പ്രശ്നോത്തരിയിലുണ്ട്. 56.3%, 20.3% കുട്ടികൾ പങ്കെടുക്കുന്ന കഥാമത്സര ഇനമാണ് കുറവ്. വായനയിലും കവിതയിലും കൈയ്യെഴുത്ത് മത്സരത്തിലും. 31.25 കുറവാണുള്ളത്.

## ചോദ്യനമ്പർ 10
## വീട്ടിൽനിന്ന് പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നവർ

**പട്ടിക 30**

| ക്ലാസ്സ് | എണ്ണം | സഹോ-ദരൻ | % | രക്ഷിതാവ് | % | സുഹൃത്തുക്കൾ | % | ട്യൂഷൻ | % | മറ്റുള്ളവർ | % | ആരും ഇല്ല | % |
|---|---|---|---|---|---|---|---|---|---|---|---|---|---|
| IV | 319 | 133 | 41.6 | 235 | 73.6 | 125 | 39.1 | 58 | 18.1 | 48 | 15 | 21 | 6.5 |
| VI | 339 | 131 | 38.6 | 256 | 75.5 | 136 | 401 | 56 | 16.5 | 46 | 13.5 | 30 | 8.8 |

വീട്ടിൽ നിന്ന് പഠനപ്രവർത്തനത്തിൽ കുട്ടികളെ സഹായിക്കുന്നവർ 4, 6 ക്ലാസ്സുക്കളിൽ യഥാക്രമം 73.6%, 75.5% അച്ഛനമ്മമാർ ആണ്.

4,6 ക്ലാസ്സുകളിൽ യഥാക്രമം 6.5% , 8.8% കുട്ടികൾക്ക് ആരുമില്ല. ട്യൂഷൻ കിട്ടുന്നുണ്ട്. 4,6 ക്ലാസ്സുകളിൽ 18.1%, 16.5% ആണ്

## ചോദ്യനമ്പർ 11
## ഞാൻ സ്ഥിരമായി ടെലിവിഷൻ കാണാറുണ്ട്

**പട്ടിക 31**

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 319 | 130 | 40.7% | 189 | 59.2 |
| VI | 339 | 100 | 29.4% | 239 | 70.5 |

സ്ഥിരമായി ടി.വി. കാണാത്തവരാണ് കൂടുതൽ. 4,6 ക്ലാസ്സുകളിൽ യഥാക്രമം 59.2%, 70.5% ആണ്. ഭൂരിപക്ഷം കുട്ടികൾക്കും സ്ഥിരമായി ടി.വി കാണുന്ന പരിപാടി പ്രതികരിച്ചിട്ടില്ല.

## ചോദ്യനമ്പർ 12
## ഭാഷാപഠനത്തിൽ (മലയാളം) എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ? എന്തുകൊണ്ട്? ഉണ്ടെങ്കിൽ നേരിടുന്ന പ്രശ്നങ്ങൾ

**പട്ടിക 32**

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % | വീട് | % | സ്കൂൾ | % |
|---|---|---|---|---|---|---|---|---|---|
| IV | 319 | 89 | 27.8 | 230 | 72.1 | 41 | 12.8 | 48 | 15 |
| IV | 339 | 132 | 38.9 | 207 | 61 | 80 | 23.5 | 52 | 15.3 |

4, 6 ക്ലാസ്സുകളിൽ ഭാഷാപഠനത്തിൽ (മലയാളം) 27.8% വും 38.9% കുട്ടികൾക്ക് എന്തെങ്കിലും തരത്തിലുള്ളവയെ നേരിടുന്നുണ്ട്. നാലാംക്ലാസ്സിലെ 27.8% കുട്ടികളിൽ 12.8 വീട്ടിലും 15 വിദ്യാലയങ്ങളിലും ആണ് അനുഭവപ്പെടുന്നത്.ആറാം ക്ലാസ്സിലെ 38.9% കുട്ടികളിൽ 23.5% വീട്ടിലും 15.3% സ്കൂളിലുമാണ് അനുഭവപ്പെടുന്നത്. ഭാഷാഭേദങ്ങൾ കൂടുതലുള്ളതുകൊണ്ട് ഈ പ്രശ്നം അനുഭവപ്പെടുന്നത്.

**ചോദ്യനമ്പർ 13**

**അസംബ്ലിയിൽ വാർത്താവായന പരിപാടികളിൽ പങ്കെടുക്കാറുണ്ടോ?**

**പട്ടിക 33**

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 319 | 11 | 3.4 | 308 | 96.5 |
| VI | 339 | 82 | 24 | 257 | 75.8 |

അസംബ്ലിയിൽ വാർത്താവായന പരിപാടികളിൽ പങ്കെടുക്കുന്ന കുട്ടികൾ നാലാംക്ലാസ്സിൽ 3.4% ആറാംക്ലാസ്സിൽ 24% മാത്രമാണ്. പങ്കെടുക്കാത്തവർ നാലിലും ആറിലും യഥാക്രമം 96.5% വും 75.8% വും ആണ്.

**ചോദ്യനമ്പർ 14**

**ഭാഷാക്ലാസ്സുകളിൽ പ്രവർത്തനങ്ങളിലേർപ്പെടുവാൻ എനിക്ക് മറ്റുള്ളവരെപ്പോലെ അവസരം ലഭിക്കുന്നുണ്ട്.**

**പട്ടിക 34**

| ക്ലാസ്സ് | എണ്ണം | ഉണ്ട് | % | ഇല്ല | % |
|---|---|---|---|---|---|
| IV | 319 | 237 | 74.2 | 82 | 25.7 |
| VI | 339 | 223 | 65.7 | 116 | 34.2 |

ഭാഷാക്ലാസ്സുകളിൽ പ്രവർത്തനങ്ങളിലേർപ്പെടാൻ കുട്ടികൾക്കുള്ള അവസരം നാലാം ക്ലാസ്സിൽ 25.7%വും ആറാം ക്ലാസ്സിൽ 34.2% കിട്ടാത്തവരാണ്.

**ചോദ്യനമ്പർ 15**

**സ്വന്തമായി കഥ, കവിത,പാട്ട് എന്നിവ എഴുതാറുണ്ടോ?**

**പട്ടിക 35**

| ക്ലാസ്സ് | എണ്ണം | കഥ | % | കവിത | % | പാട്ട് | % | ഡയറി | % |
|---|---|---|---|---|---|---|---|---|---|
| IV | 319 | 211 | 66.1 | 166 | 523 | 149 | 46.7 | - | - |
| VI | 339 | 192 | 60 | 159 | 46.9 | 122 | 35.9 | - | - |

നാലാം ക്ലാസ്സിൽ സ്വന്തമായി കഥ എഴുതുന്നവർ 66.1% ഉം കവിത 52.% പാട്ട് 46.7% വും ആണ്. ആറാം ക്ലാസ്സിൽ കഥ എഴുതുന്നവർ 60% കവിത 46.9% പാട്ട് 35.9% ആണ്. ഡയറി സ്ഥിരമായി എഴുതുന്നവരില്ല.

# കണ്ടെത്തലുകൾ

- 4,6 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് യഥാക്രമം 98.1%, 99.1% ഭാഷാപഠനക്ലാസ്സ് ഇഷ്ടമാണ്.
- 4,6 ക്ലാസ്സുകളിൽ കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ സ്കൂളിൽ നിന്ന് വായിക്കാൻ ആവശ്യമുള്ളപ്പോൾ കിട്ടുന്നത് യഥാക്രമം 65.2%, 62.5% ആണ്. വല്ലപ്പോഴും കിട്ടുന്നത് യഥാക്രമം 29%വും 35.3% ആണ്. കിട്ടാത്തത് യഥാക്രമം 18%, 2.06% ആണ്.
- ഈ വർഷം (2007-08) 4,6 ക്ലാസ്സുകളിൽ ഒരു കുട്ടി ശരാശരി വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണം യഥാക്രമം 7, 5 ആണ്. ഓരോ ക്ലാസ്സിലും ഉയർന്നെത്തുമ്പോൾ വായിക്കുന്ന പുസ്തകങ്ങളുടെ എണ്ണം കൂട്ടുന്നില്ല. വായിക്കുന്ന പുസ്തകങ്ങൾ അധികവും ബാലപ്രസിദ്ധീകരണമാണ്.
- റഫറൻസ് പുസ്തകങ്ങൾ വളരെ കുറവാണ്.
- വീട്ടിൽവച്ച് പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് 4,6 ക്ലാസ്സുകളിൽ യഥാക്രമം 91%വും 95.2%വും ആണ്. ഏതെല്ലാം പഠനപ്രവർത്തനം എന്ന പ്രശ്നത്തിന് അധികവും വായനയിലാണെന്നാണ് പ്രതികരിച്ചത്. പ്രോജക്ട്, സർവ്വേ, ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ വളരെ കുറവാണ്.
- പഠനാവസരങ്ങൾ കൂടുതലായി നഷ്ടപ്പെടാത്തത് 4,6 ക്ലാസ്സുകളിൽ യഥാക്രമം 74.6% വും 74% ആണ്. ബാക്കിയുള്ളവർക്ക് വീട്ടിലെ പ്രശ്നങ്ങളാണ് മുഖ്യമായും പഠനാവസരങ്ങൾ കൂടുതലായി നഷ്ടപ്പെടുന്നത്.
- എല്ലാ ദിവസവും പത്രം വായിക്കാത്ത കുട്ടികൾ നാലാം ക്ലാസ്സിൽ താരതമ്യേന കുറവും ആറാം ക്ലാസ്സിൽ 55.7% ആണ്.
- വിവിധ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ നിന്നും പഠനപ്രവർത്തനങ്ങൾക്കാവശ്യമായ ശേഖരങ്ങളാണുള്ളത്. 4, 6 ക്ലാസ്സുകളിൽ യഥാക്രമം 75.8% 71.6% ആണ്. കുട്ടികൾ പ്രധാനമായും പ്രോജക്ടിന്റെ ഭാഗമായിട്ടാണ് ശേഖരണം നടത്തുന്നത്. വിവിധ ദിനപത്രങ്ങളിൽ കുട്ടികളുടെ പംക്തിയിൽനിന്നാണ് ശേഖരണം നടത്തുന്നത്. വാരിക, മാസിക തുടങ്ങിയ ആനുകാലികങ്ങളിൽനിന്നുള്ള ശേഖരണം വളരെ കുറവാണ്.
- എന്റെ മരം ഡയറി, ദൈനംദിന ഡയറി എഴുതാത്തവർ 4,6 ക്ലാസ്സുകളിൽ യഥാക്രമം 67.7%വും 52.2%വും ആണ്.
- ഭാഷയുമായി ബന്ധപ്പെട്ട മത്സരഇനങ്ങളിൽ നാലാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ പങ്കെടുക്കുന്നത് കവിതയിലാണ്, 83.3%. കുറവ് കഥയെഴുത്ത് മത്സരത്തിലാണ്ണ്, 8.7%. ആറാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ പങ്കെടുക്കുന്ന ഇനം പ്രശ്നോത്തരിയിലാണ്. 56.3% ഏറ്റവും കുറവ് കഥയിലാണ്. 20.3%.
- വീട്ടിൽനിന്ന് പഠനപ്രവർത്തനങ്ങളിൽ കുട്ടികളെ സഹായിക്കുന്നവർ 4,6 ക്ലാസ്സുകളിൽ അച്ഛനമ്മമാരാണ് 73.6% വും 75.5% വും ആണ്. 4,6 ക്ലാസ്സുകളിൽ യഥാക്രമം 6.5%വും 8.8% കുട്ടികൾക്ക് ആരുമില്ല. 18.1%വും 16.5% വും കുട്ടികൾക്ക് ട്യൂഷൻ ലഭിക്കുന്നുണ്ട്.
- സ്ഥിരമായി ടെലിവിഷൻ കാണാത്ത കുട്ടികൾ 4,6 ക്ലാസ്സുകളിൽ യഥാക്രമം 59.2% വും 70.5%വും ആണ്.
- ഭാഷാപഠനത്തിൽ (മലയാളം) എന്തെങ്കിലും പ്രശ്നം നേരിടാത്ത കുട്ടികൾ, 4,6 ക്ലാസ്സുകളിൽ യഥാക്രമം 72.19% വും 61% വും ആണ്. നേരിടുന്ന കുട്ടികൾ യഥാക്രമം 27.8% 38.7% വും ആണ്. ഇവരിൽതന്നെ നാലാം ക്ലാസ്സിൽ 12.8 % വീട്ടിലും 15% വിദ്യാലയത്തിലും ആറാം ക്ലാസ്സിൽ 23.5% വീട്ടിലും 15% വിദ്യാലയത്തിലും ആണ്.
- അസംബ്ലിയിൽ വാർത്തവായന പരിപാടികൾക്ക് പങ്കെടുക്കാത്തവർ 4, 6 ക്ലാസ്സുകളിൽ യഥാക്രമം 96.5% വും 75.8% വും ആണ്.
- ഭാഷാക്ലാസ്സുകളിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം കിട്ടാത്തത് 4,6 ക്ലാസ്സുകളിൽ യഥാക്രമം 25.7% വും 34.2% വും ആണ്.
- നാലാം ക്ലാസ്സിൽ സ്വന്തമായി കഥ എഴുതുന്നവർ 66.1% വും കവിത 52% പാട്ട് 46.7% ആണ്. ആറാം ക്ലാസ്സിൽ കഥ എഴുതുന്നവർ 60% വും കവിത 46.9% പാട്ട് 35.9% ആണ്. ഡയറി ആരും കൃത്യമായി എഴുതുന്നില്ല.

# ചോദ്യാവലി പ്രധാന അദ്ധ്യാപകനോട്

**പട്ടിക 36**

| | 1 | | | 2 | | | 3 | | | 4 | | | 5 | | | 6 | | | 7 | | | 8 | | | 9 | | | 10 | | | 11 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല |
| പ്രതികരിച്ച വരുടെ എണ്ണം | 6 | 1 | | 7 | | | 4 | 3 | | 7 | | | 3 | 1 | 3 | 7 | | | 7 | | | 6 | | 1 | 6 | 1 | | 6 | 1 | | 6 | 1 | |

## ഓരോ ചോദ്യപ്രസ്ഥാവനയ്ക്കും പ്രധാന അദ്ധ്യാപകരുടെ പ്രതികരണം വിശദീകരിക്കുന്നു.

1. **അധ്യാപകർക്ക് അക്കാദമിക പിന്തുണ**

   ആറ് പ്രധാനാധ്യാപകർ മാത്രമാണ് അക്കാദമിക പിന്തുണയ്ക്ക് സമയം കണ്ടെത്തുന്നത്. 85.7% പേർ. 14.2പേർ അക്കാദമിക പിന്തുണ ഭാഗികമായി മാത്രമേ നൽകുന്നുള്ളൂ.

2. **എസ്.എസ്.ജി. പ്രാദേശിക പ്രൈമറി പങ്കാളിത്തം**

   മുഴുവൻ പേരും പങ്കെടുക്കുന്നുണ്ട്.

3. **പിന്നാക്കക്കാർക്ക് പരിഹാര പ്രവർത്തനം**

   57.14% പ്രധാനാധ്യാപകർ എന്നും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. 42.5% പേർ അംഗീകരിച്ചിട്ടില്ല.

4. **ദിനചര്യകൾ പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ നിർദ്ദേശം**

   എല്ലാവരും ദിനാചരണങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

5. **ബദൽ പഠനസാധ്യതകൾ പ്രയോജനപ്പെടുത്താൻ എസ്.എസ്.ജി ഉപയോഗിക്കുന്നു.**

   42.85% പേർ ഇത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താനുള്ള സജ്ജീകരണങ്ങൾ നടത്തുന്നു. 14.28 പേർ ഭാഗികമായി മാത്രമേ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുള്ളൂ. 42.85% ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നില്ല.

6. **അക്കാദമിക പോരായ്മകൾ, കഴിവുകൾ ഇവ കണ്ടെത്തുന്നുണ്ട്**

   എല്ലാ പ്രധാന അധ്യാപകരും അധ്യാപകരുടെ അക്കാദമിക് കഴിവുകൾ, പോരായ്മകൾ എന്നിവ കണ്ടെത്തുന്നുണ്ട്.

7. **ഭാഷാപഠനശേഷി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു**

   എല്ലാ പ്രധാനാധ്യാപകരും കുട്ടികളുടെ ഭാഷാപഠനശേഷി ഉയർത്താനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

8. **മാതൃഭാഷ രണ്ടാം ഭാഷയായവർക്ക് ആവശ്യമായ പഠനപ്രവർത്തനങ്ങൾ**

   85.71% പേർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. 14.29% പേർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല.

9. **ഭാഷാധ്യാപകർക്ക് പിന്തുണസംവിധാനം**

   85.71 % പ്രധാനാധ്യാപകരും ഭാഷാധ്യാപകർക്ക് പിന്തുണാസംവിധാനം സജ്ജീകരിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. 14.29% അധ്യാപകർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല.

10. **സി.ഇ. രേഖകൾ സൂക്ഷിക്കാൻ അദ്ധ്യാപകർക്ക് നിർദ്ദേശം നൽകുന്നു**

    സി.ഇ. രേഖകൾ സൂക്ഷിക്കാൻ അധ്യാപകർക്ക് നിർദ്ദേശം നൽകുന്നവർ 85.71% പേർ ആണ്. 14.29% പേർ ഇത്തരം നിർദ്ദേശങ്ങൾ ഭാഗികമായേ നൽകുന്നുള്ളൂ.

11. **കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തുന്നു.**

    85.71% പ്രധാന അധ്യാപകനും കുട്ടികളുടെ അവകാശസംരക്ഷണം ഉറപ്പുവരുത്തുന്ന കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കുന്നു. 14.29% പ്രധാന അധ്യാപകർ ഭാഗികമായി മാത്രമേ ശ്രദ്ധപതിപ്പിക്കുന്നുള്ളൂ.

# കണ്ടെത്തലുകൾ

- ❖ പ്രധാന അധ്യാപകർ അധ്യാപകർക്ക് അക്കാദമിക പിന്തുണ നൽകുന്നുണ്ട്
- ❖ ബദൽ പഠനസാധ്യതപ്രയോജനപ്പെടുത്തുന്നതിൽ എസ്.എസ്.ജി. പോലുള്ള പിന്തുണാസംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നതിൽ ഭൂരിപക്ഷം പ്രധാനഅധ്യാപകർക്കും കഴിയുന്നില്ല.
- ❖ മാതൃഭാഷ രണ്ടാം ഭാഷയായവർക്ക് വേണ്ടിയുള്ള ബദൽപ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്നു.
- ❖ അക്കാദമിക് പോരായ്മകൾ, കഴിവുകൾ ഇവ കണ്ടെത്തുന്നതിന് പ്രധാന അധ്യാപകർക്ക് കഴിയുന്നുണ്ട്.

# അധ്യാപകരോടുള്ള ചോദ്യാവലി

## പട്ടിക 37

| | 1 | | | 2 | | 3 | | 4 | | 5 | | 6 | | 7 | | 8 | | | 9 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല |
| പ്രതികരിച്ചവരുടെ എണ്ണം | 8 | 5 | | 12 | 1 | 13 | | 12 | 1 | 13 | | 12 | 1 | 3 | 10 | 12 | 1 | | 8 | 5 |

| | 10 | | 11 | | 12 | | 13 | | | 14 | | 15 | | | 16 | | | 17 | | | 18 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഭാഗികം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഭാഗികം | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഭാഗികം | ഇല്ല |
| പ്രതികരിച്ചവരുടെ എണ്ണം | 11 | 2 | 13 | | 9 | 4 | 7 | 5 | 1 | 8 | 5 | 12 | 1 | | 11 | 2 | | 1 | 8 | 4 | 11 | | 2 |

**ഓരോ ചോദ്യപ്രസ്ഥാവനയ്ക്കും അദ്ധ്യാപകരുടെ പ്രതികരണം വിശദീകരിക്കുന്നു.**

1 **ഗാർഹിക അന്തരീക്ഷം**

13 അദ്ധ്യാപകരിൽ ചോദ്യാവലി കൊടുത്തപ്പോൾ ഗാർഹിക അന്തരീക്ഷം ശരിയായ ധാരണയുള്ളവർ 8 പേരും ഭാഗികമായി അറിയുന്നവർ 5 പേരും ആണ്. 61.5% നയധാരണയുള്ളവരും. 38.46% പേർ ഭാഗികമായി ധാരണയുള്ളവരും ആണ്.

2 **പഠനപ്രക്രിയ ആസൂത്രണം**

92% പേർ പഠനപ്രക്രിയ ആസൂത്രണം ചെയ്യുന്നവർ ആണ് എന്നാണ് ചോദ്യാവലി പ്രതികരണത്തിലൂടെ കണ്ടെത്താൻ കഴിയുന്നത്. 7.69% പേർ ഭാഗികമായ ആസൂത്രണം മാത്രമേ നടത്തുന്നുള്ളൂ.

3 **ആവശ്യമായ ക്രമീകരണം**

100% പേരും ആവശ്യമായ ക്രമീകരണങ്ങൾ നടത്താറുണ്ട്

4 **C.R.C, SRG പരിഹാരമാർഗ്ഗങ്ങൾ**

92.3% പേർ SRG, CRC കളിൽ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരങ്ങൾ തേടാറുണ്ട്. 7.6% പേർ ഇത്തരം പ്രക്രിയകളിലൂടെ കടന്നുപോവില്ല എന്നവിധത്തിൽ പ്രതികരിച്ചത്.

5 **CPTA പ്രക്രിയാബന്ധിതം**

100% പേർ CPTAയിൽ പ്രക്രിയാബന്ധിത രീതിയിൽ കടന്നുപോവുന്നുണ്ട്.

6 **ആദിവാസി ഭാഷാതടസ്സം**

23% പേർ ആദിവാസി ഭാഷാപഠനത്തിന് തടസ്സമാവുന്നതിന് പ്രതികരിച്ചു. 69% പേർ ഭാഗികമായി തടസ്സമാകുന്നു എന്നറിയുന്നതിൽ പ്രതികരിച്ചു.

69.23% ആദിവാസിഭാഷ ഭാഷാപഠനത്തിന് തടസ്സമാവുന്നില്ല എന്നറിയുന്നതിൽ പ്രതികരിച്ചു.

7 **സാമൂഹികനിലവാരം**

ഭാഷാപഠനത്തിന് സാമൂഹികനിലവാരം കാരണമാവുന്നു എന്ന രീതിയിൽ 100% പേർ പ്രതികരിച്ചു.

8 **സ്വതന്ത്രഭാഷ തുല്യഅവസരം**

സ്വതന്ത്രമായ ഭാഷാപഠനത്തിന് കുട്ടികൾക്ക് തുല്യഅവസരം നൽകുന്നത് 92.3% പേർ പ്രതികരിച്ചു. തുല്യഅവസരം നൽകാൻ കഴിയുന്നില്ല എന്ന രീതിയിൽ പ്രതികരിച്ചത് 7.69% പേർ ആണ്.

9 **ദിനപത്രം, ആനുകാലികം ക്ലാസ്സിൽ സജ്ജമാക്കുന്നു**

61.53% പേർ ദിനപത്രം, ആനുകാലികം ക്ലാസ്സ് റൂമിൽ സജ്ജമാക്കുന്നുണ്ട്. 38.46% പേർ പ്രതികരിച്ചത് ക്ലാസ്സ് റൂമിൽ ദിനപത്രം, ആനുകാലികം എന്നിവ ക്ലാസ്സ് റൂമിൽ സജ്ജമാക്കാൻ കഴിയുന്നില്ല.

10 **വായനാസാമഗ്രി ഒരുക്കൽ**

92.3% പേർ വായനാസാമഗ്രി ഒരുക്കുന്നതിൽ വായനാസാമഗ്രി പരിചയപ്പെടുന്നതിൽ അവസരങ്ങൾ പ്രയോഗിക്കുകയും ചെയ്യുന്നുണ്ട്. 7.6% പേർ നൂതനരീതി പ്രയോഗിക്കാൻ കഴിയുന്നില്ല.

**11 തെറ്റ് തിരുത്തൽ കുട്ടികളുടെ പങ്കാളിത്തം**

100% പേർ തെറ്റ് തിരുത്തൽപ്രക്രിയ കുട്ടികളുടെ പങ്കാളിത്തത്തോടെയാണ് ക്ലാസ്സ് റൂമിൽ നടക്കുന്നത് എന്ന രീതിയിൽ ആണ് പ്രതികരിച്ചത്.

**12 പരിഹാരമാർഗ്ഗം കുട്ടിയിൽ മാറ്റം**

തെറ്റ് തിരുത്തൽ പ്രക്രിയ കുട്ടിയിൽ മാറ്റം ഉണ്ടാക്കിയിട്ടുണ്ട് എന്ന രീതിയിൽ 69.23% പേർ പ്രതികരിച്ചു. ഇല്ല എന്ന രീതിയിൽ 23.76% പേർ പ്രതികരിച്ചു.

**13 യൂണിറ്റുമായി ബന്ധപ്പെട്ട വായനാസാമഗ്രികൾ ക്ലാസ്സിൽ അവതരണം**

യൂണിറ്റുമായി ബന്ധപ്പെട്ട പഠനസാമഗ്രികൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നത് 53.4% പേർക്കാണ്. 38.46%പേർ ഭാഗികമായി മാത്രമാണ് അവതരിപ്പിക്കുന്നത്. 69% പേർ ഇത്തരമൊരു പ്രക്രിയ ക്ലാസ്സിൽ നടത്തുന്നില്ല.

**14 സി.പി.ടി.എ പ്രദർശനം- രക്ഷിതാക്കൾക്ക് അവസരം**

61.5% പേർ ക്ലാസ്സ് ഉൽപ്പന്നങ്ങൾ സി.പി.ടി.എ.യിൽ പ്രദർശിപ്പിച്ചിരുന്നു. 38.46% പേർ ക്ലാസ്സ് ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാറില്ല.

**15 ക്ലാസ്സിന് പുറത്ത് സർഗ്ഗാത്മകപ്രവർത്തനം, പ്രോത്സാഹനം**

92.3% പേർ ക്ലാസ്സിന് പുറത്ത് സർഗ്ഗാത്മകപ്രവർത്തനത്തിൽ കുട്ടികളെ സഹായിക്കുന്നവരാണ്. 7.69% പേർ ഇത്തരമൊരു പ്രക്രിയയിൽ ഭാഗികമായി മാത്രമേ പങ്കാളിയാവുന്നുള്ളൂ.

**16 ദിനാചരണം ഭാഷാക്ലാസ്സുകളെ ബന്ധിപ്പിച്ച് നടത്തുന്നു**

34.61% പേർ ദിനാഘോഷങ്ങൾ ഭാഷാപഠനക്ലാസ്സുമായി ബന്ധിപ്പിച്ച് നടത്തുന്നു. 15.39 % പേർ ഭാഗികമായി മാത്രമേ ബന്ധിച്ചിരുന്നുള്ളൂ.

**17 കുട്ടികളുടെ ഡയറി വായന, വിലയിരുത്തൽ,നിർദ്ദേശങ്ങൾ നൽകുന്നു**

7.69% പേർ മാത്രമാണ് കുട്ടികളുടെ ഡയറിവായന, വിലയിരുത്തൽ എന്നിവ കൃത്യമായി നടത്തുന്നത്. 61.53% പേർ ഭാഗികമായി മാത്രമേ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുള്ളൂ. 30.76% പേർ ഇത്തരം പ്രവർത്തനങ്ങളിൽ തീരെ ഏർപ്പെടുന്നില്ല.

**18 പിന്തുണ, സംവിധാനം യഥാസമയം**

പിന്തുണാസംവിധാനം യഥാസമയം ലഭിക്കുന്നു എന്ന് പ്രതികരിച്ചത്. 84.61% പേർ ആണ്. 15.38% പേർ പിന്തുണാസംവിധാനം ലഭിക്കുന്നില്ല എന്ന് പ്രതികരിച്ചു.

## കണ്ടെത്തലുകൾ

- കുട്ടികളുടെ ഗാർഹിക അന്തരീക്ഷം അധ്യാപകന് ധാരണയുണ്ടെങ്കിൽ മാത്രമേ പഠനപ്രവർത്തനങ്ങൾ എങ്ങനെയെന്ന് അധ്യാപകന് നിശ്ചയിക്കാനാവൂ. കുട്ടിയുടെ ഗാർഹികാന്തരീക്ഷത്തെക്കുറിച്ചുള്ള അറിവും അധ്യാപകന് കുറവാണ്.
- സാമൂഹികനിലവാരം ഭാഷാപഠനത്തിന്റെ പിന്നാക്കാവസ്ഥയ്ക്ക് കാരണമാവുന്നു.
- ദിനപത്രം, ആനുകാലികങ്ങൾ, ബാലപ്രസിദ്ധീകരണങ്ങൾ വേണ്ടവിധത്തിൽ ക്ലാസ്സിൽ സജ്ജമാക്കാൻ കഴിയുന്നില്ല.
- യൂണിറ്റുമായി ബന്ധപ്പെട്ട വായനാസാമഗ്രികൾ കുട്ടികളുടെ മുന്നിൽ അവതരിപ്പിക്കുന്നതിൽ അധ്യാപകർ പിന്നാക്കാവസ്ഥയിലാണ്. സി.പി.ടി.എ.യിൽ പ്രക്രിയാബന്ധിതമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ അധ്യാപകന് കഴിയുന്നില്ല.
- കുട്ടികളുടെ ഡയറി വിലയിരുത്തൽ പ്രവർത്തനങ്ങൾ കൃത്യമായി ക്ലാസ്സിൽ നടക്കുന്നില്ല.
- ആദിവാസിഭാഷ, ഭാഷാപഠനപ്രവർത്തനങ്ങൾക്ക് തടസ്സമാവുന്നില്ല എന്നതാണ് ഭൂരിപക്ഷം പ്രതികരിച്ചത്.

# രക്ഷിതാക്കളോടുള്ള ചോദ്യാവലി

**പട്ടിക 38**

| | 1 | | 2 | | 3 | | | 4 | | | 5 | | 6 | | 7 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | സാധിക്കുന്നു | വല്ലപ്പോഴും | ഇല്ല | ഉണ്ട് | ഇല്ല | സമയകൃത്യത ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| പ്രതികരിച്ചവരുടെ എണ്ണം | 30 | | 29 | 1 | 1 | 28 | 1 | 25 | | 5 | 30 | | 29 | 1 | 11 | 19 |

| | 8 | | 9 | | 10 | | 11 | | 12 | | 13 | | | 14 | | | 15 | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഓല മേഞ്ഞത് | ഓട് മേഞ്ഞത് | ടെറസ്സ് | നടന്ന് | പ്രത്യേക വാഹനം | ബസ്സ് | വളരെ ഉയർന്നത് | ശരാശരി | താഴ്ന്നത് |
| പ്രതികരിച്ചവരുടെ എണ്ണം | 13 | 17 | 21 | 9 | 10 | 20 | 26 | 4 | 17 | 13 | 20 | 6 | 4 | 24 | 3 | 3 | 3 | 4 | 23 |

### ഓരോ ചോദ്യപ്രസ്ഥാവനയ്ക്കും രക്ഷിതാക്കളുടെ പ്രതികരണം വിശദീകരിക്കുന്നു.

1. **പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാറുണ്ട്**

   30 രക്ഷിതാക്കളിൽ മുഴുവൻ പേരും കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുന്നു. 100%

2. **പഠനകാര്യങ്ങൾ അധ്യാപകനുമായി ചർച്ചചെയ്യുന്നു**

   96.66% രക്ഷിതാക്കൾ പഠനകാര്യങ്ങൾ അധ്യാപകനുമായി ചർച്ച ചെയ്യുന്നു. 3.33% രക്ഷിതാക്കൾ കുട്ടികളുടെ പഠനകാര്യങ്ങൾ അധ്യാപകരുമായി ചർച്ച ചെയ്യുന്നില്ല.

3. **പഠനസാമഗ്രികൾ യഥാസമയം ലഭ്യമാക്കുന്നു**

   93.33% രക്ഷിതാക്കളും പഠനസാമഗ്രികൾ കുട്ടികൾക്ക് യഥാസമയം ലഭ്യമാക്കുന്നുണ്ട്. 3.33% രക്ഷിതാക്കൾക്ക് വല്ലപ്പോഴുമേ സാധിക്കുന്നുള്ളൂ, 3.33% രക്ഷിതാക്കൾ പഠനസാമഗ്രികൾക്ക് കുട്ടികൾക്ക് യഥാസമയം ലഭ്യമാക്കുന്നില്ല.

4. **നിശ്ചിതസമയം പഠനത്തിനായി നീക്കിവെയ്ക്കുന്നു**

   83.33% കുട്ടികളും നിശ്ചിതസമയം പഠനത്തിനായി നീക്കിവെയ്ക്കുന്നു. 16.67% കുട്ടികളും കൃത്യസമയം എടുത്തിട്ടില്ല.

5. **പതിവായി സ്കൂളിൽ അയയ്ക്കുന്നു**

   മുഴുവൻ രക്ഷിതാക്കളും കുട്ടികളെ പതിവായി സ്കൂളിലേയ്ക്ക് അയയ്ക്കുന്നു (100%).

6. **ഉൽപ്പന്നങ്ങൾ വീട്ടിൽ പരിശോധിക്കുന്നു**

   96.67% രക്ഷിതാക്കളും കുട്ടികളുടെ ഉൽപ്പന്നങ്ങൾ വീട്ടിൽ പരിശോധിക്കുന്നുണ്ട്. 3.33% രക്ഷിതാക്കൾ കുട്ടികളുടെ ഉൽപ്പന്നങ്ങൾ വീട്ടിൽ പരിശോധിക്കുന്നില്ല.

7. **വീട്ടിൽ പത്രം വരുത്തുന്നു**

   36.67% രക്ഷിതാക്കളുടെ വീട്ടിൽ മാത്രമേ പത്രം വരുത്തുന്നുള്ളൂ. 63.33% വീട്ടിൽ പത്രം വരുത്തുന്നില്ല.

8. **ആഴ്ചപതിപ്പ് / മാസിക/ ബാലപ്രസിദ്ധീകരണങ്ങൾ**

9. **ദൃശ്യശ്രാവ്യോപകരണങ്ങൾ**

   43.3% വീടുകളിൽ ദൃശ്യശ്രാവ്യോപകരണങ്ങൾ ഉണ്ട്. 56.67% വീടുകളിലും ദൃശ്യശ്രാവ്യോപകരണങ്ങൾ ഇല്ല.

10. **വായനശാല ഉപയോഗിക്കാൻ കുട്ടികളെ സഹായിക്കുന്നു**

    33.33% രക്ഷിതാക്കൾ സഹായിക്കുന്നു. 66.67% ഇത്തരത്തിലുള്ള സഹായങ്ങൾ ചെയ്യുന്നില്ല.

11. **വീട് വൈദ്യുതീകരണം**

    86.66% പേരുടെ വീട്ടിൽ വൈദ്യുതി ഉണ്ട്. 13.33% പേരുടെ വീട്ടിൽ വൈദ്യുതി ഇല്ല.

12. **പഠനത്തിനാവശ്യമായ ഫർണീച്ചർ**

    56.67% കുട്ടികളുടെ വീട്ടിൽ പഠനത്തിനാവശ്യമായ ഫർണീച്ചർ ഉണ്ട്. 43.33% കുട്ടികളുടെ വീട്ടിൽ പഠനത്തിനാവശ്യമായ ഫർണീച്ചർ ഇല്ല.

13. **വീട് അവസ്ഥ**

66.67% വീട് ഓട് മേഞ്ഞത്. 20% വീട് ടെറസ്. 13.33% വീട് ഓല മേഞ്ഞത്.

14. **സ്കൂളിലേയ്ക്കുള്ള യാത്ര**

80% കുട്ടികളും നടന്നാണ് വരുന്നത്. 10% കുട്ടികൾ സ്പെഷ്യൽ വാഹനത്തിലും 10% കുട്ടികൾ ബസ്സിലുമാണ് വരുന്നത്.

15. **കുട്ടിയുടെ നിലവാരം**

10% കുട്ടികൾ വളരെ ഉയർന്ന നിലവാരത്തിൽ 13.33% കുട്ടികൾ ഉയർന്ന നിലവാരത്തിൽ 76.67% കുട്ടികൾ ശരാശരി നിലവാരത്തിൽ നിൽക്കുന്നു.

# കണ്ടെത്തലുകൾ

- ഭൂരിഭാഗം രക്ഷിതാക്കളും കുട്ടികളുടെ പഠനകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നു.
- ഭൂരിപക്ഷം വീടുകളിലും കുട്ടികൾക്ക് വായിക്കാനുള്ള പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭിക്കുന്നില്ല.
- ഭൂരിഭാഗം കുട്ടികളുടെ വീടുകളിലും ദൃശ്യശ്രാവ്യോപകരണങ്ങൾ ഇല്ല
- പുറമെയുള്ള വായനശാലകളുടെ ഉപയോഗം കുട്ടികൾക്ക് ലഭ്യമാക്കാൻ ഭൂരിഭാഗം രക്ഷിതാക്കൾക്കും കഴിയുന്നില്ല.
- 43.33% കുട്ടികൾക്കും വീട്ടിൽ പഠനത്തിനാവശ്യമായ ഫർണീച്ചർ സൗകര്യം ലഭ്യമല്ല.
- കിലോമീറ്ററുകൾ നടന്നാണ് ഭൂരിഭാഗം കുട്ടികളും സ്കൂളിൽ എത്തുന്നത്.
- 76.67% കുട്ടികളും ശരാശരി നിലവാരത്തിൽ ആണ്.
- വൈദ്യുതി സൗകര്യങ്ങൾ ഇല്ലാത്ത വീടുകളും ഉണ്ട്.

## ക്ലാസ് മോണിറ്ററിംഗ്

### പട്ടിക 39

| മേഖല | സജ്ജീകരണം | | | ആസൂത്രണം | | | നിർവ്വഹണം | | | മെറ്റീരിയലുകൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|
| സൂചകങ്ങൾ | അദ്ധ്യാപക - വിദ്യാർത്ഥി ഇന്റർ ആക്ഷൻ | സംഘപ്രവർത്തിന് ത്തിന് സഹായം | പുനരുപയോഗ ത്തിന് സാധ്യത യുള്ള രീതി | CO അടിസ്ഥാനമാക്കി | ഭിന്നനിലവാര പരിഗണന | ചിന്താശേഷി വളർത്തുക | അവശ്യബോധം കുട്ടികളുടെ പങ്കാളിത്തം | ഉപയോഗിക്കുന്ന ഭാഷ | നിരന്തര മൂല്യ നിർണ്ണയം | കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമ്മാണം | സ്വയംപ്രവർത്തന ത്തിന് ഉതകുന്ന രീതി | അനുയോജ്യത |
| സ്കോർ | 40 | 35 | 33 | 33 | 32 | 30 | 34 | 34 | 35 | 27 | 29 | 33 |
| ഗ്രേഡ് | A | B | B | B | B | B | B | B | B | B | B | B |
| ശതമാനം | 74 | 64.8 | 61 | 61.1 | 59 | 55.5 | 62.1 | 62.1 | 64.8 | 50 | 53.7 | 61.1 |

### മേഖല 1 : സജ്ജീകരണം

ഈ മേഖലയിൽ 3 സൂചകങ്ങളാണുള്ളത്. അധ്യാപക-വിദ്യാർത്ഥി ബന്ധത്തിനുള്ള അവസരങ്ങൾ നൽകൽ 74 ശതമാനമാണുള്ളത്. സംഘപ്രവർത്തനങ്ങൾക്കുള്ള അവസരങ്ങൾ നൽകുന്നതിൽ 64.8 ശതമാനവും. വിവിധ പഠനപ്രവർത്തനങ്ങളുടെ ഫലമായുണ്ടാകുന്ന ഉല്പന്നങ്ങളുടെ പുനരുപയോഗസാധ്യതകളും വായനപ്പെട്ടി തുടങ്ങിയവ ഉപയോഗപ്പെടുത്തി പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിൽ 61 ശതമാനമാണുള്ളത്.

കുട്ടികളുടെ ഭാഷാപരമായ പിന്നാക്കാവസ്ഥയ്ക്ക് കാരണമായുള്ളത് അധ്യാപകരുടെ സജ്ജീകരണ കുറവാണ്. ഈ മേഖലയിൽ ഏറ്റവും പിന്നാക്കാവസ്ഥ കാണുന്നത് കുട്ടികളുടെ ഉൽപ്പന്നങ്ങൾ പുനരുപയോഗസാധ്യമാകുന്നവിധത്തിൽ സജ്ജീകരണത്തിലുണ്ട്.

### മേഖല 2 : ആസൂത്രണം

*ഈ മേഖലയിൽ 3 സൂചകങ്ങളാണുള്ളത്*

- C.O. based B
- ഭിന്നനിലവാര പരിഗണന B
- ചിന്താശേഷി വളർച്ചയ്ക്ക് B

ഭാഷാസമീപനമനുസരിച്ചുള്ള ആസൂത്രണത്തിൽ അധ്യാപകർ പിന്നാക്കാവസ്ഥയിലാണ്. C.O അടിസ്ഥാനത്തിലുള്ള ആസൂത്രണം നടക്കുന്നില്ല. പൊതുവെ ഭിന്നനിലവാരമനുസരിച്ചുള്ള ആസൂത്രണവും കുട്ടികളിൽ ചിന്താശേഷി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കുള്ള അവസരവും കുറവാണ്.

ആസൂത്രണത്തിൽ CO കളുടെ വ്യാപ്തി എത്ര മാത്രമെന്ന് പരിഗണിക്കുന്നില്ല. എല്ലാ പ്രവർത്തനങ്ങളും ലേഖനത്തിൽ അവസാനിപ്പിക്കുന്നില്ല.

### മേഖല 3 : നിർവ്വഹണം

*ഈ മേഖലയിൽ 3 സൂചകങ്ങളാണുള്ളത്*

- ആവശ്യബോധം B
- ഉപയോഗിക്കുന്ന ഭാഷ B
- നിരന്തരമൂല്യനിർണയം B

ആവശ്യബോധം ഉതകുന്ന തരത്തിൽ പഠനപ്രവർത്തനങ്ങൾ മുന്നോട്ട് പോകുവാൻ കഴിയുന്നില്ല. നിരന്തര മൂല്യനിർണ്ണയം സ്വാഭാവികരീതിയിൽ നടക്കുന്നില്ല. പ്രവർത്തനങ്ങളുടെ സ്വഭാവത്തിനനുസരിച്ചുള്ള സ്വാഭാവികമായ ഗ്രൂപ്പിംഗ് തന്ത്രം പരാജയമാണ്. ഭാഷാസമീപനമനുസരിച്ച് നിർവ്വഹണം നടക്കുന്നില്ല.

## മേഖല 4 : മെറ്റീരിയൽസ്

ഈ മേഖലയിൽ 3 സൂചകങ്ങളാണുള്ളത്.

- ❖ കുട്ടികളുടെ പങ്കാളിത്തത്തോടുള്ള മെറ്റീരിയൽ നിർമ്മാണം B
- ❖ സ്വയം പഠനത്തിനുണ്ടാകുന്ന രീതി B
- ❖ അനുയോജ്യത B

മെറ്റീരിയൽ ഉപയോഗം കുറവാണ്. ഭാഷാക്ലാസ്സുകളിൽ നേരിടുന്ന പ്രതിസന്ധി. മെറ്റീരിയൽ നിർമ്മാണത്തിൽ കുട്ടികളുടെ പങ്കാളിത്തകുറവാണ്. പുനരുപയോഗസാധ്യതയുള്ള മെറ്റീരിയൽ കുറവ്, മെറ്റീരിയൽ പ്രദർശനം കാര്യക്ഷമമല്ല.

## സാമൂഹ്യ സാമ്പത്തിക സർവ്വേ
## പട്ടിക 40

| വിദ്യാഭ്യാസനിലവാരം | | തൊഴിൽ | | | | വാർഷികവരുമാനം | | | |
|---|---|---|---|---|---|---|---|---|---|
| നിരക്ഷരർ | സാക്ഷരർ | കൂലി | കൃഷി | സർക്കാർ | മറ്റ് തൊഴിൽ | 400ന് താഴെ | 4000-6000 | 6000-12000 | 12000ന് മുകളിൽ |
| 2 | 88 | 56 | 16 | 3 | 15 | 14 | 30 | 19 | 27 |

### അപഗ്രഥനം

വിവിധ വിദ്യാലയങ്ങളിലെ 90 കുട്ടികളുടെ സാമ്പത്തിക സാമൂഹ്യസ്ഥിതി വിവരങ്ങളാണ് വിശകലനം ചെയ്തത്

- 43% കുട്ടികളും സെക്കണ്ടറി വിദ്യാഭ്യാസത്തിന് മുകളിൽ വിദ്യാഭ്യാസ നിലവാരമുള്ള രക്ഷിതാക്കളോ അംഗങ്ങളോ ഉള്ള വീടുകളിൽ നിന്ന് വരുന്നവരാണ്.
- 55% കുട്ടികളുടെയും വീട്ടിൽ പ്രൈമറി മുതൽ സെക്കണ്ടറി വരെ വിദ്യാഭ്യാസമുള്ള അംഗങ്ങൾ ഉണ്ട്.
- കേവലം 2% മാത്രമാണ്. തീരെ നിരക്ഷരരായ കുടുംബാംഗങ്ങളുള്ള വീടുകളിൽനിന്നും വരുന്നത്.
- 62% കുട്ടികളുടെ രക്ഷിതാക്കൾ കൂലിപണിക്കാരും 17% പേരുടെ രക്ഷിതാക്കൾ കൃഷിക്കാരുമാണ്.
- സർക്കാർ / സേവന മേഖലയിൽ ജോലിനോക്കുന്ന രക്ഷിതാക്കൾ തുലോം കുറവാണ്. കേവലം 3% മാത്രം.
- വാർഷിക കുടുംബവരുമാനം 12000ന് മുകളിലുള്ളവരാണ് 30% കുട്ടികളും
- 4000 % താഴെ വാർഷിക വരുമാനമുള്ളവർ 16%ത്തോളമുണ്ട്.

# കണ്ടെത്തലുകൾ

- പഠനവിധേയമാക്കിയ സാമ്പിളുകൾ പരിശോധിച്ചപ്പോൾ സാമൂഹ്യസാമ്പത്തികമായ അവസ്ഥകൾ പഠനത്തെ കാര്യമായി സ്വാധീനിക്കുന്നില്ല.
- ഉയർന്ന അക്കാദമി നിലവാരമുള്ള കുടുംബാംഗങ്ങളിൽനിന്നുള്ള സഹായം കുട്ടികളുടെ പഠനകാര്യങ്ങളിൽ സഹായകമാകുന്നില്ല.
- നിരക്ഷരരായ കുടുംബങ്ങളിൽനിന്നും വരുന്ന കുട്ടികൾ തുലോം കുറവാണ്.
- സർക്കാർ മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന രക്ഷിതാക്കളുടെ കുട്ടികൾ ലഭ്യമായ സാമ്പിളുകളിൽ പൊതുവിദ്യാലയങ്ങളിൽ വളരെ കുറവാണ്.

# ഫോക്കസ് ഗ്രൂപ്പ് ചർച്ച: പ്രതികരണം

## വായന

### അധ്യാപകർ

**മികവുകൾ**

- ❖ വായന, ലേഖനം എന്നിവയിൽ കുട്ടികൾക്ക് ധാരാളം അവസരങ്ങൾ ലഭിക്കുന്നുണ്ട്.
- ❖ നന്നായി വായിക്കുന്ന കുട്ടികൾക്ക് നന്നായി എഴുതാൻ സാധിക്കുന്നുണ്ട്.
- ❖ ആനുകാലികങ്ങൾ, ബാലപ്രസിദ്ധീകരണങ്ങൾ എന്നിവയുടെ വായന ധാരാളം വർധിച്ചിട്ടുണ്ട്.
- ❖ വായനയിലേക്ക് നയിക്കാനുള്ള ധാരാളം സന്ദർഭങ്ങൾ സൃഷ്ടിക്കാൻ അധ്യാപകർക്ക് കഴിയുന്നുണ്ട്.
- ❖ ഭാഷാസമീപനം വിഭാവനം ചെയ്ത വായനമൂല, ദിനാചരണങ്ങൾ തുടങ്ങിയവ വായനയെ പ്രോത്സാഹിപ്പിക്കുന്നുണ്ട്

**പ്രശ്നങ്ങൾ**

- ❖ പഠന, ബോധനസമയം ആവശ്യത്തിന് ലഭ്യമാകാത്തത് വായനയെ പ്രതികൂലമായി ബാധിക്കുന്നു.
- ❖ മനഃപാഠവായന നടക്കുന്നു. ആശയഗ്രഹണം, അക്ഷരങ്ങൾ തിരിച്ചറിയൽ എന്നിവ നടക്കുന്നില്ല.
- ❖ ശ്രാവ്യവായനയ്ക്ക് അവസരങ്ങൾ കുറവാണ്
- ❖ മറ്റു ഭാഷകൾ (ഉദാ. പണിയഭാഷ) വീട്ടിൽ സംസാരിക്കുന്ന കുട്ടികൾക്ക് വായനയിൽ ബുദ്ധിമുട്ട് നേരിടുന്നു.
- ❖ വായനസാമഗ്രികൾ, വായനാവസരങ്ങൾ ഇവ ലഭ്യമാകാത്ത സ്ഥലങ്ങളിൽ വായന പിറകോട്ട് പോകുന്നു.

### രക്ഷിതാക്കൾ

**മികവുകൾ**

- ❖ വായനാശീലം വർധിച്ചിട്ടുണ്ട്
- ❖ ബാലപ്രസിദ്ധീകരണങ്ങൾ, ആനുകാലികങ്ങൾ ഇവ കുട്ടികൾ ധാരാളമായി വായിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

- ❖ ശ്രാവ്യവായന അവഗണിക്കപ്പെടുന്നു
- ❖ ആശയഗ്രഹണവായന വേണ്ടത്ര നടക്കുന്നില്ല
- ❖ കുട്ടികളുടെ നിലവാരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ ലഭ്യമാകുന്നില്ല. ലഭ്യമായവ കുട്ടികളുടെ കൈകളിൽ എത്തുന്നുമില്ല.
- ❖ ഉച്ചാരണശുദ്ധിയില്ല.

### കുട്ടികൾ

**മികവുകൾ**

- ❖ വായനയ്ക്ക് ധാരാളം അവസരം ലഭിക്കുന്നു
- ❖ ഇഷ്ടപ്പെട്ടത് വായിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നു
- ❖ സംസാരഭാഷ എന്ന നിലയിൽ മലയാളഭാഷ ഇഷ്ടമാണ്.

**പ്രശ്നങ്ങൾ**

- ❖ ശ്രാവ്യവായനയ്ക്ക് എല്ലാവർക്കും അവസരം ലഭിക്കുന്നില്ല
- ❖ ഇഷ്ടപ്പെട്ട പുസ്തകങ്ങൾ ലഭ്യമാകുന്നില്ല
- ❖ കുട്ടികളുടെ സംസാരഭാഷ, അധ്യാപകരുടെ ഭാഷ, ഇവയിലെ പൊരുത്തക്കേടുകൾ
- ❖ അധ്യാപകന്റെ മാതൃകാവായനയില്ല. ഉച്ചാരണശുദ്ധി വരുത്താൻ അവസരം ലഭിക്കുന്നില്ല.

# ലേഖനം

## അധ്യാപകൻ

**മികവുകൾ**

- ❖ ആവശ്യബോധം സൃഷ്ടിച്ചുകൊണ്ട് ലേഖനസന്ദർഭങ്ങൾ ഒരുക്കുന്നതുകൊണ്ട് സ്വന്തമായ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് വർദ്ധിച്ചിട്ടുണ്ട്.
- ❖ എഡിറ്റിങ്ങിലൂടെ തെറ്റുകൾ സ്വയം തിരുത്താനും പരസ്പരം തിരുത്താനും അവസരം ലഭിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

- ❖ ചിഹ്നങ്ങൾ വേണ്ടിടത്ത് പ്രയോഗിക്കാത്തത് മൂലം ധാരാളം അക്ഷരത്തെറ്റുകൾ വരുത്തുന്നു.
- ❖ വായനയുടെ കുറവ് ലേഖനത്തെ ബാധിക്കുന്നു.
- ❖ ആശയപരമായ തെറ്റുകൾ ധാരാളം കടന്നുവരുന്നു.
- ❖ സംസാരഭാഷയിൽ എഴുതുന്നു.
- ❖ അധ്യാപകന് വ്യക്തിഗതമായി കുട്ടികളെ ലേഖനപ്രവർത്തത്തിൽ സഹായിക്കാൻ കഴിയുന്നില്ല.

## രക്ഷിതാക്കൾ

**മികവുകൾ**

- ❖ ധാരാളം എഴുതാനുള്ള അവസരങ്ങൾ ലഭിക്കുന്നുണ്ട്
- ❖ വൈവിധ്യമുള്ള ലേഖനപ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുന്നു.

**പോരായ്മകൾ**

- ❖ ലേഖനപ്രവർത്തനങ്ങളിൽ ധാരാളം തെറ്റുകൾ കടന്നുവരുന്നു
- ❖ തെറ്റുകൾ ബോധ്യപ്പെടുത്താനും തിരുത്താനുമുള്ള അവസരങ്ങൾ വേണ്ടത്രയില്ല.
- ❖ വാക്യഘടനാക്രമം പാലിക്കുന്നില്ല. രക്ഷിതാക്കൾക്ക് കുട്ടികളെ സഹായിക്കാൻ വേണ്ടത്ര സാഹചര്യമില്ല.
- ❖ എന്ത് സഹായം എപ്പോൾ നല്കണം എന്ന് അറിയില്ല.

## കുട്ടികൾ

**മികവുകൾ**

- ❖ ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ ലേഖനത്തിലെ തെറ്റുകൾ തിരുത്താനും നിലവാരം മെച്ചപ്പെടുത്താനും കഴിയുന്നു.
- ❖ സർഗ്ഗാത്മക രചനകൾ നടത്താനും രചനകൾക്ക് അംഗീകാരം ലഭിക്കാനും ധാരാളം അവസരങ്ങൾ ലഭിക്കുന്നു.

**പോരായ്മകൾ**

- ❖ ലേഖനത്തിന്റെ നല്ല മാതൃകകൾ ലഭിക്കുന്ന അവസരങ്ങൾ വിരളമാണ്.
- ❖ ബ്ലാക്ക്ബോർഡിന്റെ ഉപയോഗം കുറവായതിനാൽ നല്ല മാതൃകകൾ ലഭിക്കാൻ അവസരമില്ല.
- ❖ ധാരാളം ആശയങ്ങൾ ഉണ്ടെങ്കിലും ശരിയായി എഴുതി ഫലിപ്പിക്കാൻ കഴിയുന്നില്ല.
- ❖ എല്ലാ അക്ഷരങ്ങളെയും ശരിയായി തിരിച്ചറിയാൻ കഴിയുന്നില്ല. സ്വരങ്ങളും അവയുടെ ചിഹ്നങ്ങളും തമ്മിലുള്ള ബന്ധം മനസ്സിലാക്കാൻ കഴിയുന്നില്ല.

## നിർദ്ദേശങ്ങൾ

I അധ്യാപകപരിശീലനങ്ങളിൽ താഴെ പറയുന്ന മേഖലകൾക്ക് ഊന്നൽ നൽകണം

1. *വായനാമേഖലയിലെ സൂചകങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണവും സംഘാടനവും*
2. *കരിക്കുലർ ഒബ്ജക്ടീവിന്റെ വ്യാപ്തി, വളർച്ച, തുടർപ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ*
3. *എഡിറ്റിംഗ് പ്രക്രിയ*
4. *C.O.കൾക്കനുസരിച്ച് ലൈബ്രറി പുസ്തകങ്ങളുടെയും സി.ഡി.കളുടെയും തെരഞ്ഞെടുപ്പും ഉപയോഗവും*

II മലയാളം രണ്ടാം ഭാഷയായവർക്ക് അവരവരുടെ പ്രാദേശിക ഭാഷയിൽ കളികളും പ്രവർത്തനങ്ങളും നൽകണം

III ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പത്രങ്ങൾ ഇവ ക്ലാസ്മുറിയിൽ സജ്ജമാക്കണം.

IV ദിനാചരണങ്ങൾ ഭാഷാപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് നടത്തണം

V കുട്ടികൾക്ക് മാതൃകകൾ കാണുവാനുള്ള അവസരം ക്ലാസ്സിൽ ഉറപ്പാക്കണം

VI ഭാഷാപ്രവർത്തനകൾ മറ്റു വിഷയങ്ങളുമായി പരമാവധി ഉദ്ഗ്രഥിച്ച് നടപ്പാക്കുക.

VII ക്ലാസ്സ് പി.ടി.എ.കളിൽ കുട്ടികളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുകയും മികവുകളും പ്രശ്നങ്ങളും ചർച്ച ചെയ്യുകയും വേണം

VIII ക്ലാസ്സ് മാഗസിനുകൾ, സ്കൂൾ മാഗസിനുകൾ എന്നിവ ചിട്ടയോടെ ആസൂത്രണം ചെയ്ത് പ്രസിദ്ധീകരിക്കേണ്ടതാണ്.

IX ഭാഷാപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ സി.ഡി.കൾ, ഡോക്യുമെന്ററികൾ എന്നിവ സ്കൂളിൽ ലഭ്യമാക്കണം.

X കവികൾ, സാഹിത്യകാരന്മാർ തുടങ്ങിയവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സാഹിത്യസദസ്സുകൾ സ്കൂളുകളിൽ സംഘടിപ്പിക്കൽ.

XI സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് കവികൾ, സാഹിത്യകാരന്മാർ തുടങ്ങിയവരെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കൽ.

T-1

# അനുബന്ധം

## ക്ലാസ് IV വായന/ ലേഖനം മൂല്യനിർണ്ണയോപാധി
## ടീച്ചർക്കുള്ള നിർദ്ദേശങ്ങൾ

**പ്രവർത്തനം 1**

- ❖ പരിചയപ്പെടൽ (15 മിനിറ്റ്)
- ❖ യാത്ര (സ്വതന്ത്ര ചർച്ച)
- ❖ (കുട്ടികൾ അവരുടെ ഏറ്റവും ഇഷ്ടപ്പെട്ട യാത്രയുടെ അനുഭവങ്ങൾ പങ്കുവയ്ക്കട്ടെ. സ്വതന്ത്രഭാഷണത്തിനുള്ള അവസരം നൽകണം)
- ❖ ടീച്ചറുടെ കുട്ടിക്കാലത്തെ യാത്രാനുഭവം പങ്കുവയ്ക്കാം
- ❖ മണിക്കുട്ടിയെ പരിയചപ്പെടാം. (നിങ്ങളുടെ പ്രായമാണ്; നാലിൽ പഠിക്കുന്നു)
- ❖ മണിക്കുട്ടിക്കും മറക്കാനാവാത്ത ഒരു യാത്രയുണ്ട്. അത് എങ്ങോട്ടായിരുന്നു എന്ന് നിങ്ങൾക്ക് അറിയേണ്ടേ?
- ❖ വായനാസാമഗ്രി നൽകുന്നു
- ❖ വ്യക്തിവായന (15 മിനിറ്റ്)
- ❖ ചോദ്യാവലി നൽകുന്നു. ഉത്തരങ്ങൾ കണ്ടെത്തി എഴുതട്ടെ (15 മിനിറ്റ്)
- ❖ അനുയോജ്യവും വസ്തുനിഷ്ഠവുമായ ചോദ്യങ്ങൾ തയ്യാറാക്കുന്നതിനായി ഉത്തരങ്ങൾ എഴുതിയ പേപ്പർ നൽകുന്നു (15 മിനിറ്റ്)
- ❖ ആശയം സംഗ്രഹിക്കാം (15 മിനിറ്റ്)

**പ്രവർത്തനം 2**

***ഉണർത്തു പ്രവർത്തനം : പാട്ടുപാടാം ( 15 മിനിറ്റ്)***

ആന വരുന്നുണ്ടയ്യയ്യ

കാണാൻ എന്തൊരു ചേലയ്യ

കാലുകൾ നാലും തൂണാണേ

ചെവികൾ രണ്ടും മുറമാണേ

കൊമ്പുകൾ രണ്ടും പല്ലാണേ

കണ്ണുകളയ്യോ ചെറുതാണേ

അടിവച്ചടിവെച്ചടിവെച്ചാ

വരവൊരു രസമാണയ്യയ്യാ (സംഘമായി പാടാം)

- ❖ പാട്ട് ആരെക്കുറിച്ചാണ്?
- ❖ ആന-സ്വതന്ത്രചർച്ച

(സംസ്ഥാനമൃഗം; കരയിലെ ഏറ്റവും വലിയജീവി; വാരിക്കുഴി; താപ്പാനകളെ ഉപയോഗിച്ച് നൽകുന്ന പരിശീലനം; ഉത്സവം,ഘോഷയാത്ര എന്നിവയിലെ പ്രാതിനിധ്യം; ആനയെക്കൊണ്ടുള്ള പ്രയോജനങ്ങൾ- തടി പിടിക്കാൻ; വിനോദസഞ്ചാരം; ആനക്കൊമ്പ്-കരകൗശലവസ്തുക്കൾ; ഭക്ഷണം; ആനയുടെ നിറം, ആകാരസവിശേഷതകൾ etc.)

- ❖ പദസൂര്യൻ ആവശ്യമെങ്കിൽ തയ്യാറാക്കാം (കുട്ടി സ്വയം/ടീച്ചർ)
- ❖ ആവശ്യമായ പേപ്പർ വിതരണം ചെയ്യുന്നു
- ❖ വിവരണം എഴുതട്ടെ (30 മിനിറ്റ്) (maximum 2 hours)

# മണിക്കുട്ടിയുടെ യാത്ര

ഇന്നലെയായിരുന്നു ഞങ്ങളുടെ വിനോദയാത്ര. വയനാട് ജില്ലയിലെ പ്രധാന സ്ഥലങ്ങളാണ് സന്ദർശിച്ചത്. കോഴിക്കോട്ടു നിന്നും അതിരാവിലെ തന്നെ പുറപ്പെട്ടു. ചുരത്തിലൂടെയുള്ള യാത്രയും മൂടൽമഞ്ഞും പുതിയ അനുഭവമായിരുന്നു. വളഞ്ഞു പുളഞ്ഞ മലമ്പാതകൾ പിന്നിട്ട് ഞങ്ങൾ വയനാടിന്റെ കവാടമായ ലക്കിടിയിലെത്തി. എവിടെ നോക്കിയാലും പച്ചപ്പു തന്നെ

കുന്നുകളും മലകളും പാറക്കെട്ടുകളും പുഴകളും നിറഞ്ഞ് മനോഹരമായ പ്രദേശം. വിനോദസഞ്ചാരികൾക്ക് ഏറെ പ്രിയപ്പെട്ട നാടാണിത്.

ചുരത്തിന്റെ ഓർമ്മകളുമായി നിലകൊള്ളുന്ന ചങ്ങലമരമാണ് ലക്കിടിയിലെ പ്രധാന കാഴ്ച. പൂക്കോട് തടാകത്തിലേക്കാണ് പിന്നെ ഞങ്ങൾ പോയത്. പൂത്തുലഞ്ഞു നിൽക്കുന്ന മരങ്ങൾക്കും വള്ളിപ്പടർപ്പുകൾക്കുമിടയിൽ ശാന്തമായ പ്രദേശം. തടാകത്തിലൂടെയുള്ള ബോട്ട് യാത്രയും ചുറ്റുമുള്ള കുതിരസവാരിയും ഞങ്ങൾ ആസ്വദിച്ചു.

തുടർന്ന് ചരിത്രപ്രാധാന്യമുള്ള എടയ്ക്കൽ ഗുഹയിലേക്കായിരുന്നു യാത്ര. പ്രാചീന ലിപികളും ചിത്രങ്ങളും ഗുഹയിൽ കാണാൻ കഴിഞ്ഞു. മല ഇറങ്ങിയപ്പോഴേക്കും ഞങ്ങളെല്ലാവരും വല്ലാതെ ക്ഷീണിച്ചിരുന്നു. വയനാട്ടിലെ വന്യജീവിസങ്കേതമായ മുത്തങ്ങയിലേക്കാണ് പിന്നീട് പോയത്. ആന, മാൻ, കാട്ടുപോത്ത്, മലയണ്ണാൻ, മയിൽ , ഉടുമ്പ് തുടങ്ങി ധാരാളം ജീവികളെ ഞങ്ങൾ അവിടെ കണ്ടു. കാട്ടിലൂടെയുള്ള യാത്ര രസകരം തന്നെ. പേര് പോലെതന്നെ വയലുകൾ നിറഞ്ഞ നാടാണിത്. കാഴ്ചകളെല്ലാം കണ്ട് തിരിച്ച് ചുരത്തിലെത്തിയപ്പോഴേക്കും സന്ധ്യ കഴിഞ്ഞിരുന്നു. ചുരത്തിൽ നിന്നും താഴേക്ക് നോക്കിയപ്പോൾ ഹായ് ! എന്തു രസം! ആകാശം താഴേക്കിറങ്ങിയതുപോലെ. കോടമഞ്ഞു പുതച്ച മലനിരകൾ പിന്നിട്ട് രാത്രി പത്തു മണിയോടെ ഞങ്ങൾ കോഴിക്കോട്ട് എത്തി.

**ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

1. പൂക്കോട് തടാകത്തിലെ പ്രത്യേകതകൾ ഏവ?

## വായനാ സാമഗ്രി : ക്ലാസ് VI **T-2**

## മേഖല: വായനാശേഷി പരിശോധന

**പ്രവർത്തനം:** ചുവടെ കൊടുത്തിരിക്കുന്ന സ്വാമി വിവേകാനന്ദന്റെ ബാല്യകാലം സംബന്ധിച്ച ജീവചരിത്രക്കുറിപ്പ് വായിക്കുക. പ്രധാനാശായങ്ങൾ ഉത്തരമായി വരുന്ന അഞ്ചു ചോദ്യങ്ങളെങ്കിലും നിർമ്മിക്കുക.

❖ ചർച്ച / Interaction -ൽ കൂടി അധ്യാപകൻ അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നു.

## സ്വാമി വിവേകാനന്ദന്റെ ബാല്യകാലം

നരേന്ദ്രന്റെ കുട്ടിക്കാലത്ത് അവൻ അമ്മയെ വളരെയധികം ഉപദ്രവിച്ചിരുന്നു. എന്നാൽ അവനൊരു ദുഃസ്വഭാവിയായിരുന്നില്ല. പക്ഷെ അവൻ വലിയ കുസൃതിക്കാരനും വികടനുമായിരുന്നു. നരേന്ദ്രനെ നന്നായി വളർത്തുവാൻ രണ്ടു സ്ത്രീകളെ അവന്റെ അമ്മ നിയമിച്ചിരുന്നു. എന്നാൽ അവർക്കുപോലും നരേന്ദ്രന്റെ വികൃതി തടയുവാൻ കഴിഞ്ഞില്ല. അവൻ കൗശല പ്രയോഗങ്ങൾ കൊണ്ട് അമ്മയെ നിരന്തരം ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു.

പുരാണേതിഹാസങ്ങളിൽ പണ്ഡിതയായിരുന്ന ഭുവനേശ്വരിയായിരുന്നു നരേന്ദ്രന്റെ അമ്മ. അമ്മയുടെ മടിയിലിരുന്ന് കേട്ട പുരാണകഥകളിൽ കൂടിയായിരുന്നു അവന്റെ ആദ്യവിദ്യാഭ്യാസം. ഇതിനു പുറമെ ഇംഗ്ലീഷ് ഭാഷയിലെ സാധാരണ പദങ്ങളും മാതൃഭാഷയായ ബംഗാളിയും അമ്മ നരേന്ദ്രനെ പഠിപ്പിച്ചു.

യാചകരോടും സന്യാസിമാരോടും വളരെ ചെറുപ്പത്തിൽ തന്നെ നരേന്ദ്രൻ പ്രത്യേക താൽപര്യം കാണിച്ചു. വീട്ടിലുള്ളതെന്തും അവർക്കു കൊടുക്കുന്നതിന് അവന് യാതൊരു മടിയുമുണ്ടായിരുന്നില്ല. ഇക്കാരണത്താൽത്തന്നെ അവനെ മുറിക്കുള്ളിലിട്ട് പൂട്ടേണ്ടതായിപ്പോലും വന്നിട്ടുണ്ട്.

നരേന്ദ്രൻ മിക്കവാറും വീട്ടിലെ വേലക്കാരോടൊപ്പമായിരുന്നു. അവരായിരുന്നു അവന്റെ പ്രധാന കൂട്ടുകാർ. അവൻ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത് കുതിരവണ്ടിക്കാരനെയാണ്. തലയിൽ മലപോലുള്ള തലപ്പാവു ധരിച്ചിരുന്ന അയാളുടെ കയ്യിൽ നിളം കൂടിയ ചമ്മട്ടി ഉണ്ടായിരുന്നു. കുതിരകളെക്കൊണ്ട് അയാൾ പലവിധ അഭ്യാസങ്ങളും കാണിച്ചു. ഗംഭീരഭാവത്തിൽ വണ്ടിയിലിരുന്ന് കുതിരകളെ തെളിക്കുന്ന അയാളെ കാണുമ്പോൾ ഒരു വലിയ ജന്മിയാണെന്ന് നരേന്ദ്രനു തോന്നി.

ആരാണീ നരേന്ദ്രൻ എന്നറിയേണ്ടേ? പിൽക്കാലത്ത് ലോകമെങ്ങും അറിയപ്പെട്ട സ്വാമി വിവേകാനന്ദൻ...!

## മേഖല : വായനശേഷി പരിശോധന

### <u>അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ</u>

❖ കുട്ടികളുടെ വായനശേഷി പരിശോധനയ്ക്കാണ് 'സ്വാമി വിവേകാനന്ദന്റെ ബാല്യകാലം' എന്ന ജീവചരിത്രക്കുറിപ്പ് നൽകിയിരിക്കുന്നത്.

❖ സ്വാഭാവിക പഠനപ്രവർത്തനാന്തരീക്ഷത്തിലേക്ക് എത്തുന്നതിനായി അധ്യാപകർ സ്വന്തം കുട്ടിക്കാലത്തെക്കുറിച്ച് പറഞ്ഞുകൊണ്ട്/ കുട്ടികളെ അവരുടെ കുട്ടിക്കാലത്തെക്കുറിച്ച് ഓർമ്മിപ്പിച്ചുകൊണ്ട് ഈ വായനാസാമഗ്രി അവതരിപ്പിക്കേണ്ടതാണ്.

❖ വായന/ പുനർവായനയ്ക്ക് ആവശ്യമായ സമയം അനുവദിക്കേണ്ടതാണ്.

❖ വായനയ്ക്കു ശേഷം പ്രധാനാശയങ്ങൾ ഉത്തരമായി വരുന്ന 5 ചോദ്യങ്ങളെങ്കിലും കണ്ടെത്താനാവശ്യപ്പെടുന്നു.

❖ വായനയ്ക്ക് പരമാവധി 5-10 മിനിട്ടും ചോദ്യനിർമ്മാണത്തിന് 20 മിനിട്ടും അനുവദിക്കാം.

**പാഠ്യപദ്ധതി ഉദ്ദേശങ്ങൾ**

❖ HB-(12): ഉചിതമായ ചോദ്യങ്ങൾ രൂപപ്പെടുത്തി ആശയം ക്രോഡീകരിക്കുന്നതിന്

❖ HB-(32): വ്യത്യസ്ത രചനകളിലെ ആശയങ്ങൾ, പ്രയോഗങ്ങൾ തുടങ്ങിയവ വ്യാഖ്യാനിക്കുന്നതിനും പ്രതികരിക്കുന്നതിനും വിമർശനാത്മകമായി വിലയിരുത്തുന്നതിനും.

**മൂല്യനിർണ്ണയ സൂചകങ്ങൾ**

1. ആശയവ്യക്തത 2. ചോദ്യങ്ങളുടെ പ്രസക്തി 3. പദവിന്യാസം / അവതരണരീതി

**പ്രവർത്തനം**

❖ നിങ്ങളെ ഏറ്റവും സ്പർശിച്ച ഒരു ബാല്യകാലാനുഭവം എഴുതി തയ്യാറാക്കാമോ?

❖ വായനാശേഷി പരിശോധന പ്രവർത്തനത്തിന്റെ തുടർച്ചയായി നരേന്ദ്രന്റെ കുട്ടിക്കാലം ഓർത്തെടുക്കുന്നു.

❖ അധ്യാപകൻ ആകർഷകമായ രീതിയിൽ സ്വന്തം ബാല്യകാലാനുഭവം വിവരിക്കുന്നു.

❖ വാചികമായി അനുഭവം പങ്കുവയ്ക്കാൻ കഴിയുന്ന ഒന്നു രണ്ടു കുട്ടികളെക്കൊണ്ട് പറയിക്കുന്നു.

❖ ഓരോരുത്തരും സ്വന്തം അനുഭവം വിവരിക്കാനുള്ള മാനസികാവസ്ഥയിലെത്തട്ടെ.

**അധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ**

❖ വായനാശേഷി പ്രവർത്തനത്തിന്റെ തുടർച്ചയെന്ന നിലയിൽ ഈ പ്രവർത്തനം അവതരിപ്പിക്കേണ്ടതാണ്.

❖ തന്നെ ഏറ്റവുമധികം സ്പർശിച്ച അനുഭവം അധ്യാപകൻ വിവരിക്കണം. ഏതാനും കുട്ടികൾക്കും അവസരം നൽകണം.

❖ പ്രാരംഭ അവതരണത്തിന് 5-10 മിനിട്ട് ഉപയോഗിക്കാം

❖ അനുഭവക്കുറിപ്പെഴുതുന്നതിന് 20 മിനിട്ട് നൽകാം

❖ ഓരോ കുട്ടിയും വ്യക്തിഗത അനുഭവക്കുറിപ്പെഴുതുന്നുവെന്ന് ഉറപ്പുവരുത്തണം.

**പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ:**

HB-(31): സ്വാനുഭവങ്ങളെ അടിസ്ഥാനമാക്കി ഡയറിക്കുറിപ്പുകൾ, അനുഭവക്കുറിപ്പുകൾ എന്നിവ തയ്യാറാക്കുന്നതിന്

**മൂല്യനിർണ്ണയ സൂചകങ്ങൾ**

1. അനുയോജ്യമായ ഭാഷ 2. ആശയക്രമീകരണം 3. സംക്ഷിപ്ത അവതരണം 4. ഭാഷാശൈലി/ പദപ്രയോഗം

**T-3**

## ഫോക്കസ് ഗ്രൂപ്പ് ചർച്ച

❖ **ഫോക്കസ് ഗ്രൂപ്പുക് ഏതൊക്കെ?**

1. **അധ്യാപകർ :** എൽ.പി.സ്കൂളിലെ എല്ലാ മലയാള അധ്യാപകരും യു. പി. സ്കൂളിലെ മലയാള ഭാഷാധ്യാപകർ, പ്രധാനാധ്യാപകർ
2. **രക്ഷിതാക്കൾ :** അന്നത്തെ ദിവസം ലഭ്യമായ രക്ഷിതാക്കൾ (എൽ.പി./യു.പി. പ്രത്യേകം ഇല്ല)
3. **കുട്ടികൾ :** ക്ലാസ്സിൽ ലഭ്യമായ കുട്ടികളിൽ നിന്നും random selection-ൽ തെരഞ്ഞെടുക്കുന്ന കുട്ടികൾ (നിശ്ചിതഎണ്ണം)

❖ **വിവരണശേഖരണം / രേഖപ്പെടുത്തൽ എങ്ങനെ?**

ചർച്ചാ സൂചകങ്ങൾക്കനുസരിച്ച് വസ്തുനിഷ്ഠമായി രേഖപ്പെടുത്തുന്നു.

യാഥാർത്ഥ്യങ്ങൾ വേർതിരിച്ചെടുത്ത് വസ്തുനിഷ്ഠാറിപ്പോർട്ട് തയ്യാറാക്കുന്നു.

## ചർച്ചാസൂചകങ്ങൾ -(1) അധ്യാപകർ

### മേഖല : വായന

**സൂചകം -1** : നിങ്ങൾ കൈകാര്യം ചെയ്യുന്ന ക്ലാസ്സിലെ വായനയുടെ പൊതുവായ അവസ്ഥ

ഉപസൂചകങ്ങൾ : മികവുകൾ, പോരായ്മകൾ

**സൂചകം-2:** വായനയിൽ പൊതുവായി നേരിടുന്ന പ്രശ്നങ്ങൾ

ഉപസൂചകങ്ങൾ: ആശയഗ്രഹണ വായന, ഉച്ചത്തിലുള്ള വായന/ഉച്ചാരണം, മറ്റുള്ളവ

**സൂചകം-3 :** താങ്കളുടെ അഭിപ്രായത്തിനുള്ള യഥാർത്ഥ കാരണം

ഉപസൂചകങ്ങൾ : ആശയഗ്രഹണ വായന, ഉച്ചത്തിലുള്ള വായന/ ഉച്ചാരണം, മറ്റുള്ളവ

**സൂചകം-4:** ക്ലാസ്സ് റൂം വായനാപ്രവർത്തനങ്ങൾ

ഉപസൂചകങ്ങൾ: തന്ത്രങ്ങൾ കണ്ടെത്തൽ/നടപ്പാക്കൽ, വിനിമയം ഫലപ്രദമാണോ?, വിനിമയത്തിൽ നേരിടുന്ന പ്രശ്നങ്ങൾ (ഭൗതികം....)

**സൂചകം-5:** വയനാസാമഗ്രികളുടെ ലഭ്യത, അധികവായന

ഉപസൂചകങ്ങൾ: ലൈബ്രറി ഉപയോഗം, മറ്റു പ്രസിദ്ധീകരണങ്ങൾ/പത്രം, ക്ലാസ് റൂം ഉൽപന്നങ്ങൾ-എന്നിവയുടെ ലഭ്യത, ഉപയോഗം

**സൂചകം - 6 :** വായനാപ്രവർത്തനങ്ങൾ - എങ്ങനെ സ്കൂളിൽ, വീട്ടിൽ

ഉപസൂചകങ്ങൾ: വായനാക്കുറിപ്പ്, റിപ്പോർട്ടുകൾ, ദിനചരണങ്ങൾ, സാമൂഹ്യബന്ധമുള്ള മറ്റു പ്രവർത്തനങ്ങൾ

**സൂചകം -7:** വായനാശേഷി മെച്ചപ്പെടുത്തൽ-തനത് പ്രവർത്തനങ്ങൾ

ഉപസൂചകങ്ങൾ :

**സൂചകം-8:** വായനാശേഷി മെച്ചപ്പെടുത്തൽ-നിർദ്ദേശങ്ങൾ

ഉപസൂചകങ്ങൾ :

### മേഖല: ലേഖനം

**സൂചകം-1 :** ലേഖനശേഷി- പൊതു അവസ്ഥ എന്ത്?

ഉപസൂചകങ്ങൾ: മികവുകൾ, പോരായ്മകൾ

**സൂചകം-2 :** ലേഖനത്തിൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

ഉപസൂചകങ്ങൾ: ചിഹ്നങ്ങൾ, അക്ഷരങ്ങൾ, ഘടനാപരം/ ആശയപരം

**സൂചകം - 3 :** ലേഖന പിന്നാക്കാവസ്ഥ-കാരണം എന്താവാം?

ഉപസൂചകങ്ങൾ: അവസരങ്ങൾ, ഭൗതികം/ശാരീരികം/മാനസികം, പുതിയ സമീപനം/രീതി

**സൂചകം-4:** സാധാരണ ക്ലാസ് റൂം ലേഖനപ്രവർത്തനങ്ങൾ, എന്തൊക്കെ, തന്ത്രങ്ങൾ, ക്ലാസ് റൂം അഡീഷണൽ

**സൂചകം-5:** ലേഖനപ്രക്രിയ -ക്ലാസ് റൂം, ഘട്ടങ്ങൾ-ധാരണ/പാലിക്കൽ, തിരുത്തൽ/എഡിറ്റിംഗ്

**സൂചകം-6:** പ്രശ്നപരിഹാരം-തനത് ശ്രമങ്ങൾ

**സൂചകം-7 :** ലേഖനശേഷി മെച്ചപ്പെടുത്തൽ - പൊതുനിർദ്ദേശങ്ങൾ

## ചർച്ചാ സൂചകങ്ങൾ: രക്ഷിതാക്കൾ

**സൂചകം - 1** : വായന/ ലേഖനം - നിങ്ങളുടെ കുട്ടിയുടെ നിലവാരം

വായന/ ലേഖനരീതി, മികവ്/പോരായ്മ

**സൂചകം - 2 :** പ്രശ്നമുണ്ടെങ്കിൽ എവിടെ?

**സൂചകം - 3 :** പ്രശ്നകാരണങ്ങൾ എന്താവാം?, വീട്ടിൽ, സ്കൂളിൽ, രീതി

**സൂചകം – 4 :** വായന-ലേഖനം. വീട്ടിൽ നിന്ന് ചെയ്യുന്ന കാര്യങ്ങൾ, എന്തൊക്കെ? സഹായം?, രക്ഷിതാവിന്റെ ശ്രദ്ധ

**സൂചകം – 5 :** വായന-ലേഖനസാമഗ്രികൾ ലഭ്യമാക്കൽ, തടസ്സങ്ങൾ, മറ്റുള്ളവ

## ചർച്ചാ സൂചകങ്ങൾ : കുട്ടികൾ

**സൂചകം – 1 :** മലയാളം പഠിക്കുന്നത് ഇഷ്ടമാണോ?

**സൂചകം – 2 :** സാധാരണ വായന എന്തൊക്കെ? സാധ്യതാരീതി, ക്ലാസ്സിൽ, വീട്ടിൽ

**സൂചകം – 3 :** ലൈബ്രറി ഉപയോഗം- അധികവായന, ഇഷ്ടങ്ങൾ, ലഭ്യത എങ്ങനെ?

**സൂചകം – 4 :** വായന തുടർപ്രവർത്തനങ്ങൾ, എന്തൊക്കെ? വായനക്കുറിപ്പുകൾ, മത്സരപങ്കാളിത്തം

**സൂചകം – 5 :** ക്ലാസ്സിൽ സാധാരണയായുള്ള ലേഖനപ്രവർത്തനങ്ങൾ, ചെയ്യാൻ കഴിയുന്നവ, കഴിയാത്തവ, Hints/Listing

**സൂചകം – 6 :** സ്വന്തമായി എഴുതാറുള്ള കാര്യങ്ങൾ, വായനക്കുറിപ്പ്, കത്തുകൾ, ഗ്രൂപ്പിൽ/മറ്റുള്ളവ, ഡയറി

**സൂചകം – 7 :** കാരണം-നിർദ്ദേശം

## T-4 IV ചോദ്യാവലി

**പ്രധാനാധ്യാപകനോട്**

1. അധ്യാപകർക്ക് ആവശ്യമായ അക്കാദമിക പിന്തുണ നൽകാൻ സമയം കണ്ടെത്താറുണ്ട്
2. കുട്ടികളുടെ വായനാനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂൾ ലൈബ്രറി, പ്രാദേശിക ലൈബ്രറി, SSG ഇവയുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്.
3. വിഷയാടിസ്ഥാനത്തിൽ SRGയിൽ ചർച്ചകൾ നടത്തി.വായന, ലേഖനം ഇവയിൽ പിന്നാക്കക്കാരെ കണ്ടെത്താനും പരിഹാരപ്രവർത്തനങ്ങൾ നടത്താനും കഴിഞ്ഞിട്ടുണ്ട്.
4. ദിനാചരണങ്ങളെയും ആഘോഷങ്ങളെയും പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാൻ അധ്യാപകർക്ക് നിർദ്ദേശം നൽകാറുണ്ട്.
5. അധ്യാപകർ അവധിയുള്ള ദിനങ്ങളിൽ ബദൽ പഠനസാധ്യതകൾ പ്രയോജനപ്പെടുത്താൻ SSGയെ ഉപയോഗിക്കുന്നു.
6. അധ്യാപകരുടെ വ്യക്തിഗതമായ അക്കാദമിക കഴിവുകൾ, പോരായ്മകൾ ഇവ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.
7. ഭാഷാപഠനശേഷി ഉയർത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകാറുണ്ട്.
8. മാതൃഭാഷ ഒന്നാം ഭാഷയല്ലാത്ത കുട്ടികൾക്ക് വായനലേഖനപ്രവർത്തനങ്ങളിൽ ആവശ്യമായ പഠനപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്.
9. ഭാഷാധ്യാപകർക്ക് ആവശ്യമായ പിന്തുണാസംവിധാനം ഉറപ്പുവരുത്തുന്നുണ്ട്.
10. C.E.രേഖപ്പെടുത്തലുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാൻ അധ്യാപകർക്ക് നിർദ്ദേശം നൽകുകയും പരിശോധിക്കുകയും ചെയ്യാറുണ്ട്.
11. വിദ്യാലയത്തിൽ കുട്ടികളുടെ അവകാശസംരക്ഷണം ഉറപ്പുവരുത്താൻ ശ്രമിക്കുന്നുണ്ട്.

## T-5 V ചോദ്യാവലി

**അധ്യാപകനോട്**

1. എന്റെ ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ഗാർഹിക അന്തരീക്ഷം എന്തെന്ന് എനിക്ക് നല്ല ധാരണയുണ്ട്.
2. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കനുസൃതമായാണ് പഠനപ്രക്രിയ ആസൂത്രണം ചെയ്യാറുള്ളത്.
3. ഭാഷാക്ലാസ്സുകളിൽ പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്താറുണ്ട്.
4. ക്ലാസ് റൂം പ്രവർത്തനത്തിലെ കാഠിന്യമേഖലകൾ CRCകളിലും SRGകളിലും ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്.
5. ക്ലാസ് പി.ടി.എ വിളിക്കുമ്പോൾ കുട്ടികളുടെ വായനനിലവാരം, ലേഖനപ്രശ്നങ്ങൾ എന്നിവ രക്ഷിതാക്കളുമായി പങ്കുവയ്ക്കുകയും പരിഹാരനിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്യാറുണ്ട്.
6. ഭാഷാക്ലാസ്സുകളിൽ മുന്നാക്കം നിൽക്കാൻ ഗോത്രഭാഷയായ ആദിവാസി ഭാഷ തടസ്സമാകുന്നുണ്ട്.

7. വായന, ലേഖനം പിന്നാക്കാവസ്ഥയ്ക്ക് സാമ്പത്തിക, സാമൂഹിക നിലവാരം കാരണമാകുന്നു.

8. സ്വതന്ത്രഭാഷണത്തിന് എല്ലാ കുട്ടികൾക്കും തുല്യ അവസരം ലഭിക്കുന്നുണ്ട്.

9. ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവ ഭാഷാക്ലാസ്സുകളിൽ ലഭ്യമാകുന്നുണ്ട്.

10. കുട്ടികളുടെ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി വായനാസാമഗ്രികൾ പരിചയപ്പെടുത്തുന്നതിനുവേണ്ടി നൂതന രീതികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ, വായനാസാമഗ്രികളുടെ പ്രദർശനവും ഒരുക്കുന്നുണ്ട്.

11. ലേഖനത്തിലെ തെറ്റുതിരുത്തൽ പ്രക്രിയ ക്ലാസ്സിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ നടത്താറുണ്ട്.

12. തെറ്റുകൾ തിരുത്താനായി നടത്തിയ പരിഹാരമാർഗ്ഗങ്ങൾ കുട്ടിയിൽ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

13. സമഗ്രാസൂത്രണം നടത്തുമ്പോൾ യൂണിറ്റുമായി ബന്ധപ്പെട്ട വായനാസാമഗ്രികൾ ലിസ്റ്റ് ചെയ്ത് ക്ലാസ്സിൽ അവതരിപ്പിക്കാറുണ്ട്.

14. കുട്ടികളുടെ ഉൽപ്പന്നങ്ങൾ CPTA യിൽ പ്രദർശിപ്പിക്കുകയും വിലയിരുത്താൻ രക്ഷിതാക്കൾക്ക് അവസരം നൽകുകയും ചെയ്യാറുണ്ട്.

15. ക്ലാസ് റൂമിനു പുറത്ത് കുട്ടികളുടെ സർഗ്ഗാത്മകകഴിവുകൾ പ്രോത്സാഹിപ്പിക്കുവാൻ പ്രവർത്തനങ്ങൾ നൽകാറുണ്ട്.

16. ദിനാചരണങ്ങൾ നടത്തുമ്പോൾ ഭാഷാപഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാറുണ്ട്.

17. കുട്ടികളുടെ ഡയറി എല്ലാ ദിവസവും വായിക്കുകയും വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

18. പഠനപ്രവർത്തനങ്ങൾക്കാവശ്യമായ പിന്തുണാസംവിധാനങ്ങൾ യഥാസമയം ലഭ്യമാകുന്നുണ്ട്.

**T-6**

**രക്ഷിതാക്കളോട്**

| | | |
|---|---|---|
| 1. | കുട്ടിയുടെ പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാറുണ്ട് | ഉണ്ട് / ഇല്ല |
| 2. | കുട്ടിയുടെ പഠനകാര്യത്തിൽ അധ്യാപകരുമായി ചർച്ച ചെയ്യുന്നുണ്ട് | ഉണ്ട്/ ഇല്ല |
| 3. | കുട്ടികൾക്കാവശ്യമായ പഠനസാമഗ്രികൾ (നോട്ട് ബുക്ക്, പേന etc.) അവർക്ക് യഥാസമയം ലഭ്യമാകുന്നുണ്ട്. | സാധിക്കുന്നു/വല്ലപ്പോഴും/ഇല്ല |
| 4. | വീട്ടിൽ കുട്ടി നിശ്ചിതസമയം പഠനത്തിനായി നീക്കിവയ്ക്കുന്നു | ഉണ്ട്/ ഇല്ല/സമയകൃത്യതയില്ല |
| 5. | കുട്ടിയെ പതിവായി സ്കൂളിൽ അയയ്ക്കാറുണ്ട് | ഉണ്ട്/ ഇല്ല |
| 6. | ക്ലാസ്സിൽ വച്ച് നിർമ്മിച്ച എന്റെ കഥാപുസ്തകം / പാട്ടുപുസ്തകം/പതിപ്പുകൾ എന്നിവ പരിശോധിക്കാറുണ്ട് | ഉണ്ട് / ഇല്ല |
| 7. | വീട്ടിൽ പത്രം വരുത്തുന്നുണ്ട് | ഉണ്ട്/ഇല്ല |
| 8. | ആഴ്ചപതിപ്പ്/മാസിക/ബാലപ്രസിദ്ധീകരണങ്ങൾ | ഉണ്ട്/ഇല്ല |
| 9. | റേഡിയോ/ടി.വി./തുടങ്ങിയ ദൃശ്യോപകരണങ്ങൾ വീട്ടിലുണ്ട്. | ഉണ്ട്/ഇല്ല |
| 10. | വീട്ടിനടുത്തുള്ള വായനശാല/ സാംസ്കാരികനിലയം ഉപയോഗിക്കാൻ കുട്ടികളെ സഹായിക്കാറുണ്ട്. | ഉണ്ട്/ഇല്ല |
| 11. | വീട് വൈദ്യുതീകരിച്ചതാണോ? | ഉണ്ട്/ഇല്ല |
| 12. | കുട്ടിക്ക് സ്വന്തമായി വീട്ടിൽ പഠനത്തിനാവശ്യമായ ഫർണിച്ചറുകൾ ഉണ്ട്. | ഉണ്ട്/ഇല്ല |
| 13. | വീട് ഓലമേഞ്ഞത് /ഓട് മേഞ്ഞത്/ടെറസ്സ് | |
| 14. | സ്കൂളിലേക്കുള്ള ദൂരം...............കിമീ | യാത്രാമാർഗ്ഗം നടന്ന്/ പ്രത്യേകവാഹനം/ ബസ്സ് |
| 15. | ഭാഷയിൽ വായന, എഴുത്ത് എന്നിവയിൽ താങ്കളുടെ കുട്ടിയുടെ നിലവാരം | വളരെ ഉയർന്നത്/ഉയർന്നത്/ ശരാശരി/താഴ്ന്നത്/വളരെ താഴ്ന്നത് |
| 16. | പിന്നാക്കാവസ്ഥ പരിഹരിക്കാൻ താങ്കളുടെ നിർദ്ദേശങ്ങൾ | |

T-7

# ചോദ്യാവലി

**കുട്ടികളോട്**

| | | |
|---|---|---|
| 1. | മാതൃഭാഷാപഠനക്ലാസ്സ് ഇഷ്ടമാണോ? എന്തുകൊണ്ട്? | ഉണ്ട്/ഇല്ല |
| 2. | ലൈബ്രറി പുസ്തകങ്ങൾ സ്കൂളിൽനിന്ന് വായിക്കാൻ കിട്ടുന്നുണ്ട്. | വല്ലപ്പോഴും/ആവശ്യമുള്ളപ്പോഴൊക്കെ/ ഇല്ല |
| 3. | ഈ വർഷം എത്ര പുസ്തകങ്ങൾ വായിച്ചു? 1/2/3/4/5......... | അവസാനം വായിച്ച പുസ്തകം |
| 4. | വീട്ടിൽവെച്ച് പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടാറുണ്ടോ? | ഉണ്ട്/ഇല്ല |
| 5. | പഠനദിവസങ്ങൾ കൂടുതലായി നഷ്ടപ്പെടാറുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? | ഉണ്ട്/ഇല്ല |
| 6. | എല്ലാ ദിവസവും പത്രം വായിക്കാറുണ്ടോ? | ഉണ്ട്/ഇല്ല |
| 7. | ദിനപത്രങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽനിന്നും പഠനപ്രവർത്തനങ്ങൾക്കാവശ്യമായ ശേഖരങ്ങൾ നടത്താറുണ്ടോ? | ഉണ്ട്/ഇല്ല ഉണ്ടെങ്കിൽ എന്തൊക്കെ? |
| 8. | എന്റെ മരം ഡയറി/ദൈനംദിനഡയറി കൃത്യമായി എഴുതാറുണ്ട്. | ഉണ്ട്/ഇല്ല |
| 9. | ഞാൻ പങ്കെടുക്കുന്ന മത്സരങ്ങൾ | ക്വിസ്/വായന/കയ്യെഴുത്ത്/ ചിത്രരചന/കവിത/കഥാരചന |
| 10. | വീട്ടിൽനിന്ന് പഠനപ്രവർത്തനങ്ങളിൽ സഹായിക്കുന്നവർ | സഹോദരങ്ങൾ/രക്ഷിതാക്കൾ/ കൂട്ടുകാർ/ട്യൂഷൻടീച്ചർ/മറ്റുള്ളവർ/ ആരുമില്ല |
| 11. | ഞാൻ സ്ഥിരമായി ടെലിവിഷൻ കാണാറുണ്ട് | ഉണ്ട്/ഇല്ല. എത്രസമയം? |
| | ഏറ്റവും ഇഷ്ടപ്പെട്ട ടെലിവിഷൻ പരിപാടി | |
| 12. | ഭാഷാപഠനത്തിൽ (മലയാളം) എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ? എന്തുകൊണ്ട്? | ഉണ്ട്/ഇല്ല |
| | ഉണ്ടെങ്കിൽ നേരിടുന്ന പ്രശ്നമേത്? | സ്കൂളിൽ/വീട്ടിൽ |
| 13. | അസംബ്ലിയിൽ വാർത്താവായന പരിപാടികളിൽ പങ്കെടുക്കാറുണ്ടോ? | ഉണ്ട്/ഇല്ല |
| 14. | ഭാഷാക്ലാസ്സുകളിൽ പ്രവർത്തനങ്ങളിലേർപ്പെടാൻ എനിക്ക് മറ്റുള്ളവരെപ്പോലെ അവസരം ലഭിക്കാറുണ്ട്. | ഉണ്ട്/ഇല്ല |
| 15. | സ്വന്തമായി കഥ, കവിത, പാട്ടു തുടങ്ങിയവ എഴുതാറുണ്ട്. | ഉണ്ടെങ്കിൽ എന്തൊക്കെ? |

**T-8**

# സാമൂഹിക - സാമ്പത്തിക സർവ്വേ

കുട്ടിയുടെ പേര് :　　　　　　　　　　ആൺ / പെൺ :

ക്ലാസ്സ് :　　　　　　　　　　വിദ്യാലയം :

ജാതി / സമുദായം :　　　　　　　　　　രക്ഷിതാവിന്റെ പേര് :

| ക്രമ നമ്പർ | വീട്ടിലെ കുടുംബാംഗങ്ങൾ | കുട്ടിയുമായുള്ള ബന്ധം | വിദ്യാഭ്യാസ യോഗ്യത | തൊഴിൽ | വാർഷിക വരുമാനം |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

T-9

# DOCUMENT ANALYSIS

**I കുട്ടിയുടെ ലേഖനാനുബന്ധിയായി പരിശോധിക്കേണ്ട രേഖകൾ**

1. എന്റെ ഭാഷാപുസ്തകം
2. C.E. പോർട്ട് ഫോളിയോ

   എന്റെ കഥാപുസ്തകം, എന്റെ കവിതാപുസ്തകം എന്റെ ഡയറി, സെമിനാർ റിപ്പോർട്ട്, മറ്റു രചനാപതിപ്പുകൾ (വ്യക്തിഗതമായി) തയ്യാറാക്കിയവ.
3. II$^{nd}$ Term evaluation ന്റെ ഉത്തരപേപ്പർ
4. കുട്ടികൾക്ക് വായന, ലേഖനം ഇവയിൽ പിന്നാക്കാവസ്ഥയുണ്ടോ എന്നറിയാൻ ഉപയോഗിക്കുന്ന മൂല്യനിർണ്ണയ പ്രവർത്തനത്തിലൂടെ ലഭിക്കുന്ന ഉത്തരപേപ്പർ.

**II അധ്യാപിക**

1. ടീച്ചിംഗ് മാന്വൽ
2. ടീച്ചിംഗ് ലേണിംഗ് മെറ്റീരിയൽസ്
3. പിന്നാക്കക്കാർക്ക് പ്രത്യേക പരിശീലനത്തിന് അധികമായി ഉണ്ടാക്കിയ ശേഖരണങ്ങൾ, പഠനബോധനമന്ത്രങ്ങൾ, CPTA മിനിട്സ്

**III ഹെഡ്മാസ്റ്റർ**

1. നിരീക്ഷണ ഡയറി
2. വാർഷികപ്ലാൻ (വായന, ലേഖനം, പ്രത്യേക പ്രവർത്തനങ്ങൾ, SRG, SSG, Library Issue Register)
3. പിന്നാക്കക്കാർക്ക് വേണ്ടി നടത്തുന്ന പ്രവർത്തന ചാർട്ട് (ആസൂത്രണരേഖ)

**എങ്ങനെ വിലയിരുത്താം**

1. ടീം അടിസ്ഥാനത്തിൽ പരിശോധിക്കണം, വിലയിരുത്തണം.
2. വായന, ലേഖനം എന്നീ പ്രവർത്തനങ്ങളുടെ സൂചകങ്ങൾ അടിസ്ഥാനമാക്കി വിലയിരുത്തണം
3. തയ്യാറാക്കുന്ന ഫോർമാറ്റിൽ കണ്ടെത്തുന്നത് രേഖപ്പെടുത്തണം.

**IV സൂചകങ്ങൾ**

വായന:

1. സമയബന്ധിതമായി പ്രധാനാശയങ്ങൾ കണ്ടെത്താൻ കഴിയുന്നു
2. ആശയങ്ങൾ സംഗ്രഹിക്കാൻ കഴിയുന്നു
3. ആശയങ്ങളുടെ പരസ്പര ബന്ധം കണ്ടെത്തുന്നു.

ലേഖനം

1. ആശയപൂർണതയോടെ എഴുതുന്നു
2. വാക്യക്രമം, ആശയക്രമം ഇവ പാലിച്ച് എഴുതുന്നു
3. വസ്തുനിഷ്ഠമായ രചനാരീതി.

| നമ്പർ | കുട്ടിയുടെ പേര് | എന്റെ ഭാഷ പുസ്തകം | | കഥാപുസ്തകം | | കവിതാപുസ്തകം | | ഡയറി - എന്റെ മരം | | പതിപ്പുകൾ - വ്യക്തിഗതം | | 2nd Term Ans. P. | | Tool Ans. P. | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് | സ്കോർ | ഗ്രേഡ് |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

**T-10** # CLASS OBSERVATION SCHEDULE

| | |
|---|---|
| Name of School: | Name of Teacher: |
| Class: | Date: |
| Unit: | Period: |

**പഠനാന്തരീക്ഷം**

**CLASS ROOM ARRANGEMENT**

Teacher-Pupil Interaction സഹായകമാണോ?

കുട്ടികളുടെ പഠനസാമഗ്രികൾ സൂക്ഷിക്കുന്നത് സൗകര്യപ്രദമായ രീതിയിലാണോ?

Pupil-pupil interaction -സാധ്യമാകുന്നുണ്ടോ?

സംഘപ്രവർത്തനങ്ങൾക്ക് അവസരം നൽകാറുണ്ടോ?

Black Board / Chart / Display കൾ കുട്ടികൾക്ക് ദൃശ്യയോഗ്യമായ രീതിയിലാണോ?

കുട്ടികളുടെ ഉൽപ്പന്നങ്ങൾ/സൃഷ്ടികൾ/ക്ലാസ്സിൽ രൂപപ്പെടുന്ന മറ്റു ഉൽപ്പന്നങ്ങൾ കുട്ടികൾക്ക് പുനരുപയോഗത്തിന് സാധ്യമാകുന്നതാണോ?

**ടീച്ചർ: ആസൂത്രണം**

**COവിന് യോജിച്ച തരത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്.**

Process Oriented

TM ഭിന്നനിലവാരക്കാരെ പരിഗണിച്ചിട്ടുണ്ട്

TCM (സൂചന, ഉപയോഗം)

ആവശ്യമായ TLM, (സൂചന, ഉപയോഗം)

തുടർച്ച നിലനിർത്തിയിട്ടുണ്ട്

വായന, ലേഖനം എന്നീ മേഖലകൾക്കനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണത്തിൽ ഉണ്ടോ?

ശ്രാവ്യ വായനയ്ക്കുള്ള തന്ത്രങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ?

കുട്ടികളുടെ നിരവാരത്തിനനുസരിച്ചാണോ?

ലൈബ്രറി/വായന മൂല- ഉപയോഗപ്പെടുത്തൽ

വായനയ്ക്കുശേഷമുള്ള ചോദ്യങ്ങൾ ചിന്തനശേഷി വളർത്തുന്നതിനുതകുന്നതാണോ?

## നിർവ്വഹണം

### അധ്യാപകൻ

- ❖ വൈകാരികമായി പ്രചോദിപ്പിക്കുന്ന ഇടപെടൽ
- ❖ കുട്ടിക്ക് ചിന്തിക്കാനുള്ള കാലയളവ് (Time-span) നൽകുന്നുണ്ടോ?
- ❖ വായനയ്ക്കുശേഷമുള്ള ചോദ്യങ്ങൾ വരികൾക്കിടയിലൂടെ വായിക്കാനും Interpret ചെയ്യാനും സഹായകമാണോ?
- ❖ ഓരോ പ്രവർത്തനങ്ങളും Need Bare ആണോ?

- ഓരോ കുട്ടിക്കും തന്റേതായ ഭാഷാശേഷി ക്രമാനുഗതമായി മെച്ചപ്പെടുത്താൻ സഹായകമാണോ?
- ഉപയോഗിക്കുന്ന ഭാഷ
- നിരന്തരമൂല്യനിർണയം നടത്തുന്നുണ്ടോ?
- ഗ്രൂപ്പിംഗ് തന്ത്രങ്ങൾ സ്വാഭാവികമായി ആവിഷ്കരിക്കുന്നുണ്ടോ?

## കുട്ടി

- ഗ്രൂപ്പു പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പരസ്പരം ഇടപെടാൻ കഴിയുന്നുണ്ടോ?
- എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്
- കുട്ടികൾക്ക് ആവശ്യമായ സമയം ലഭിക്കുന്നുണ്ടോ?
- കുട്ടികളുടെ ഉൽപ്പന്നങ്ങൾക്ക് പരിഗണന നൽകുന്നുണ്ട്
- കുട്ടികൾ സ്വയം പതിപ്പുകൾ, ചാർട്ടുകൾ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നുണ്ടോ?
- കുട്ടികളുടെ അഭിപ്രായങ്ങൾ പരസ്പരം മാനിക്കപ്പെടുന്നുണ്ടോ?

## മെറ്റീരിയൽ

### അധ്യാപകൻ

- കുട്ടികളുടെ പങ്കാളിത്തത്തോടെയാണോ നിർമ്മിച്ചിട്ടുള്ളത്?
- അനുയോജ്യമായ TLM ആവശ്യത്തിനുണ്ടോ?
- പുനരുപയോഗ സാധ്യത ഉള്ളതാണോ?
- ശരിയായ രീതിയിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ?

### കുട്ടി

- നോട്ട്ബുക്കുകൾ
- പതിപ്പുകൾ, ചാർട്ടുകൾ, പോസ്റ്ററുകൾ
- ശേഖരണപുസ്തകങ്ങൾ
- സ്വയംപ്രവർത്തനങ്ങൾ

### സ്കൂൾ

- വാർഷികപദ്ധതിയിൽ വായന, ലേഖനം എന്നിവയ്ക്ക് പ്രത്യേകം പ്രവർത്തനങ്ങൾ
- വിദ്യാരംഗം, കലാസാഹിത്യ മണ്ഡലങ്ങളിലെ പ്രാതിനിധ്യം
- ചുമതലാവിഭജനം, ലൈബ്രറി, ക്ലാസ് സാഹിത്യസമാജം തുടങ്ങിയവ

### SRG

- ഭാഷയുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യാറുണ്ടോ?
- സി.ആർ.സി / പ്ലാനിംഗ് ചർച്ചയ്ക്ക് വിധേയമാക്കാറുണ്ടോ?
- പിന്നാക്കക്കാർക്കുള്ള പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ?
- സമീപനം/പ്രോസസ്സ് ഇവ ചർച്ച ചെയ്യാറുണ്ടോ?